2025 MARCH
10
MONDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ആഭ്യന്തര വിപണിയിൽ തളർച്ച
# മുഖ്യ പലിശ നിരക്ക് കുറയ്ക്കാൻ സമ്മർദം

**കൊച്ചി:** ആഭ്യന്തര വിപണിയിലെ തളർച്ചയും കയറ്റുമതിയിലെ ഇടിവും ശക്തമായതോടെ സാമ്പത്തിക വളർച്ചയ്ക്ക് ഊർജം പകരാൻ മുഖ്യ പലിശ നിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്കിൽ സമ്മർദമേറുന്നു. ജൂലായ് മുതൽ ഡിസംബർ വരെയുള്ള രണ്ട് ത്രൈമാസങ്ങളിലും ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ(ജിഡിപി)പ്രതീക്ഷിച്ച വളർച്ച നേടാനായില്ല. ജൂലായ് മുതൽ സെപ്തംബർ വരെയുള്ള കാലയളവിൽ വളർച്ച 5.6 ശതമാനവും ഒക്ടോബർ മുതൽ ഡിസംബർ വരെ 6.2 ശതമാനവുമായാണ് ഇടിഞ്ഞത്. ജനുവരിയിൽ കയറ്റുമതിയിൽ 2.4 ശതമാനം ഇടിവ് നേരിട്ടിരുന്നു. ഇതോടൊപ്പം ഡോണൾഡ് ട്രംപിന്റെ വ്യാപാര യുദ്ധവും രാജ്യത്തെ വ്യാവസായിക മേഖലയ്ക്ക് കടുത്ത വെല്ലുവിളി സൃഷ്ടിക്കുന്നു.




ധനകാര്യ, വ്യവസായ മേഖലകളിലെ തളർച്ച കണക്കിലെടുത്ത് മുഖ്യ പലിശ നിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്ക് തയാറാകണമെന്നു വിവിധ വാണിജ്യ സംഘടനകൾ ആവശ്യപ്പെടുന്നു. ഭക്ഷ്യ ഉത്പന്നങ്ങൾക്ക് വില കുറയുന്നതിനാൽ നാണയപ്പെരുപ്പ ഭീഷണി ഒഴിയുന്നതും പലിശ ഇളവിന് അനുകൂല സാഹചര്യമാണെന്ന് അവർ പറയുന്നു. ഫെബ്രുവരിയിലെ ധന അവലോകന നയത്തിൽ റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്ക് കാൽ ശതമാനം കുറച്ചിരുന്നു. ഏപ്രിലിൽ നടക്കുന്ന അടുത്ത ധന നയ രൂപീകരണ യോഗത്തിൽ റിപ്പോ നിരക്ക് അര ശതമാനം കുറച്ചേക്കുമെന്നാണ് വിലയിരുത്തുന്നത്.

ഉപഭോക്തൃ സാധനങ്ങളുടെ ഉത്പാദനത്തിൽ ഫെബ്രുവരിയിൽ വലിയ തിരിച്ചടി നേരിട്ടു.

നഗരങ്ങൾക്ക് പിന്നാലെ ഗ്രാമീണ മേഖലയിലും ഉപഭോഗം ഇടിയുകയാണെന്ന് എഫ്എംസിജി കമ്പനികൾ പറയുന്നു. ഫെബ്രുവരിയിൽ പ്രമുഖ കാർ നിർമാണ കമ്പനികൾക്കൊന്നും കാര്യമായ വിൽപ്പന നേട്ടമുണ്ടാക്കാനായില്ല. കാർഷിക ഉത്പന്നങ്ങളുടെ വില കുത്തനെ ഇടിയുന്നതും വെല്ലുവിളി ശക്തമാക്കുന്നു. വിൽപ്പന കുറഞ്ഞതോടെ മുൻനിര കമ്പനികൾ ഉത്പാദനം നിയന്ത്രിക്കാൻ നിർബന്ധിതരാകുകയാണ്.

വിൽപ്പനയിലും മാർജിനിലും പ്രതീക്ഷിച്ച വളർച്ച നേടാനാവാത്തതിനാൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ മരവിപ്പിക്കാനും പുതിയ നിയമനങ്ങൾ നിറുത്തിവെക്കാനും പല കമ്പനികളും ആലോചന തുടങ്ങി.

നിലവിൽ കേന്ദ്ര സർക്കാർ അടിസ്ഥാനസൗകര്യ വികസന രംഗത്ത് മുടക്കുന്ന പണത്തിന്റെ കരുത്തിലാണ് സാമ്പത്തിക രംഗം പിടിച്ചുനിൽക്കുന്നതെന്ന് വിദഗ്ദ്ധർ പറയുന്നു.




# ചാംപ്യൻസ് ട്രോഫി; ഇന്ത്യ ചാമ്പ്യന്മാർ

**ദുബായ്:** ഐസിസി ചാംപ്യൻസ് ട്രോഫിയിൽ പന്ത്രണ്ട് വർഷത്തെ ഇടവേളയ്ക്കു ശേഷം ഇന്ത്യക്കു കിരീടം. ഫൈനലിൽ ന്യൂസിലൻഡിനെ നാല് വിക്കറ്റിനു കീഴടക്കിയാണ് ഇന്ത്യ മൂന്നാം കിരീടം സ്വന്തമാക്കിയത്. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 251 റൺസാണെടുത്തത്. ഇന്ത്യ 49 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 254 റൺസെടുത്തു.

ന്യൂസിലൻഡ് ഉയർത്തിയ വിജയലക്ഷ്യം നിസാരമാണെന്ന പ്രവണത ഉണർത്തുന്നതായിരുന്നു ഇന്ത്യയുടെ മറുപടി ബാറ്റിങ്ങിൻറെ തുടക്കം. രോഹിത് ശർമയും ശുഭ്മൻ ഗില്ലും ചേർന്ന് പത്തൊമ്പതാം ഓവറിൽ സ്കോർ 105 വരെയെത്തിച്ചു. എന്നാൽ, ഗില്ലും (50 പന്തിൽ 31) പിന്നാലെ വിരാട് കോലിയും (1) വീണതോടെ കളി മാറി. അതുവരെ ആക്രമണോത്സുകമായി കളിച്ചിരുന്ന രോഹിത് ശർമ പ്രതിരോധത്തിലേക്കു വലിയാൻ നിർബന്ധിതനായത് സ്കോറിങ് നിരക്കിനെ കാര്യമായി ബാധിച്ചു.

41 പന്തിൽ അർധ സെഞ്ചുറി പൂർത്തിയാക്കിയ രോഹിത്, 76 റൺസെടുത്ത് പുറത്താകുമ്പോൾ 83 പന്ത് നേരിട്ടിരുന്നു. ഏഴ് ഫോറും മൂന്നു സിക്സും ഉൾപ്പെട്ട ഇന്നിങ്സിലെ മുഴുവൻ സിക്സറും നാല് ഫോറും അർധ സെഞ്ചുറി തികയ്ക്കും മുൻപേ നേടിയതാണ്. ക്യാപ്റ്റന് സ്ട്രൈക്ക് നൽകുക എന്ന കർത്തവ്യം നിർവഹിച്ച ഗിൽ, നേരിട്ട മുപ്പത്തിമൂന്നാം പന്തിലാണ് ആദ്യമായി പന്ത് അതിർത്തി കടത്തുന്നത്. 18 പന്തിൽ 18 റൺസെടുത്ത പാണ്ഡ്യ പുറത്താകുമ്പോൾ ഇന്ത്യക്ക് വിജയം 11 റൺസ് മാത്രം അകലെയായിരുന്നു. തുടർന്നെത്തിയ രവീന്ദ്ര ജഡേജ, രാഹുലിനൊപ്പം ചടങ്ങ് പൂർത്തിയാക്കുകയും ചെയ്തു. രാഹുൽ 33 പന്തിൽ 34 റൺസും ജഡേജ 6 പന്തിൽ 9 റൺസുമെടുത്ത് പുറത്താകാതെ നിന്നു.

# സിറിയയിൽ സംഘർഷം രൂക്ഷം; മരണം ആയിരം കവിഞ്ഞു



**ഡമാസ്കസ്:** സിറിയൻ പ്രസിഡന്റായിരുന്ന ബഷാർ അൽ അസദിനെ അനുകൂലിക്കുന്നവരും സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മരിച്ചവരുടെ എണ്ണം ആയിരം കവിഞ്ഞു. ന്യൂനപക്ഷമായ അലവി വിഭാഗത്തിൽപെട്ടവരാണു കൊല്ലപ്പെട്ടത്.

കൊല്ലപ്പെട്ടവരിൽ 745 പേർ സാധാരണക്കാരാണ്. ഇവരിൽ ഭൂരിഭാഗവും തൊട്ടടുത്തുനിന്നുള്ള വെടിയേറ്റാണ് മരിച്ചത്. ഇവരെ കൂടാതെ 125 സുരക്ഷാസേനാ ഉദ്യോഗസ്ഥരും കൊല്ലപ്പെട്ടു. അസദിനെ അനുകൂലിക്കുന്ന സായുധസംഘടനകളിലെ 148 പേർക്കും സംഘർഷത്തിൽ ജീവൻ നഷ്ടമായി.

അസദ് ഭരണകൂടവുമായി ബന്ധം പുലർത്തിയിരുന്നവർക്കെതിരെ സുരക്ഷാസേന നീക്കം ശക്തമാക്കിയിരുന്നു. ലതാകിയയിലെ ജബ്‌ലെ നഗരത്തിൽ തുടങ്ങിയ സംഘർഷം മറ്റിടങ്ങളിലേക്കും വ്യാപിക്കുകയായിരുന്നു.

സൈനികനീക്കത്തെ പിന്തുണച്ച ഇടക്കാല പ്രസിഡന്റ് അഹമ്മദ് അശ്ശറാ നടപടികൾ കൈവിട്ടുപോകാൻ ആരെയും അനുവദിക്കരുതെന്ന് ആവശ്യപ്പെട്ടു. തീരദേശത്തുനിന്ന് അലവികളും ക്രൈസ്തവരും പലായനം ചെയ്യുന്നതായി പ്രദേശവാസികൾ മാധ്യമങ്ങളോടു പറഞ്ഞു. കഴിഞ്ഞ ഡിസംബറിൽ അസദിനെ പുറത്താക്കിയതിനു ശേഷമുള്ള ഏറ്റവും രൂക്ഷമായ ഏറ്റുമുട്ടലാണിത്.



സൊസൈറ്റി ടുഡേ
SOCIETY TODAY

# എല്ലാ സർക്കാർ ഓഫീസുകളിലും ഇന്റേണൽ കമ്മിറ്റികൾ: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷിതത്വം ഉറപ്പാക്കാൻ പോഷ് ആക്ട് പ്രകാരം സംസ്ഥാനത്തെ 95 സർക്കാർ വകുപ്പുകളിലെ പത്തിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 2023 ജനുവരിയിലാണ് സംസ്ഥാന വനിതാ ശിശുവികസന വകുപ്പ് തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് എതിരേയുള്ള ലൈംഗികാതിക്രമം തടയുന്നതിനായി, പോഷ് ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പോഷ് പോർട്ടൽ ആരംഭിച്ചത്. ആ ഘട്ടത്തിൽ നാമമാത്രമായ വകുപ്പുകളിലും ആയിരത്തോളം സ്ഥാപനങ്ങളിലും മാത്രമായിരുന്നു നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ ഉണ്ടായിരുന്നത്. എന്നാൽ പരമാവധി സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 2024 ഓഗസ്റ്റിൽ വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ക്യാമ്പയിൻ ആരംഭിച്ചു. കാൽ ലക്ഷത്തോളം സ്ഥാപനങ്ങളാണ് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. അന്താരാഷ്ട്ര വനിതാ ദിനാഘോഷം സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സ്ത്രീകളുടെ ഉന്നമനത്തോടൊപ്പം അവർക്ക് സുരക്ഷിതമായി ജോലി ചെയ്യാനുള്ള അന്തരീക്ഷവും ഉറപ്പാക്കാനാണ് വനിതാ ശിശു വികസന വകുപ്പ് പരിശ്രമിക്കുന്നത്. സംസ്ഥാനത്തെ പത്തിൽ കൂടുതൽ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും നിയമപ്രകാരം ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനോടൊപ്പം ഐടി പാർക്കുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയും ഐ.സി. കമ്മിറ്റികളുള്ള സ്ഥാപനങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

നവ കേരളത്തിന്റെ സൃഷ്ടിക്ക് വേണ്ടിയാണ് നാം പരിശ്രമിക്കുന്നത്. പുതിയ കേരളം സ്ത്രീപക്ഷ കേരളമാണ്, സ്ത്രീ സൗഹൃദ കേരളമാണ്. വനിതാ നയം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി ഒട്ടേറെ പ്രവർത്തനങ്ങളാണ് സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. പെൺകുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടും, വിദ്യാഭ്യാസം പൂർത്തിയാക്കി തൊഴിൽ മേഖലയിലേക്ക് കടന്നുവരുന്ന സ്ത്രീകളെ സംബന്ധിച്ചും, വിദ്യാഭ്യാസപരമായും തൊഴിൽപരമായും ആവശ്യമായ പിന്തുണകൾ നൽകുന്നതിന് വേണ്ടിയിട്ടുള്ള പ്രത്യേക പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. സ്കില്ലിംഗ്, റീ സ്കില്ലിംഗ്, അപ് സ്കില്ലിംഗ് പ്രോഗ്രാമുകൾ, തൊഴിലിടങ്ങളിൽ ക്രഷ് സംവിധാനം എന്നിവ നടപ്പാക്കി. ഒറ്റയ്ക്കായി പോകുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായും വിധവകളുടെ മക്കൾക്ക് ഉന്നത പഠനത്തിനായും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചതായും വ്യക്തമാക്കി.




# രാത്രികാലങ്ങളിൽ സ്ത്രീക്ക് ഭയമില്ലാതെ സഞ്ചരിക്കാനുള്ള സ്ഥിതി ഉണ്ടാകണം: ജില്ലാ കലക്ടർ

**കൊല്ലം:** രാത്രികാലങ്ങളിൽ സ്ത്രീക്ക് ഭയമില്ലാതെ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്ഥിതി ഉണ്ടാകണമെന്നും വനിതകൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധികൾ ഉണ്ടായാൽ സർക്കാരിന്റെ '181' ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടാമെന്നും ജില്ലാ കലക്ടർ എൻ. ദേവിദാസ്. ജില്ലയിൽ വനിതാ ശിശു വികസന വകുപ്പിന്റെ അഭിമുഖ്യത്തിൽ നടത്തിയ അന്താരാഷ്ട്ര വനിതാ ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു വനിത ഭരിക്കുന്ന രാജ്യത്താണ് നാമിന്ന് ജീവിക്കുന്നതെന്നും അത്രയും ശക്തമായി നമ്മുടെ രാജ്യം മാറിക്കഴിഞ്ഞുവെന്നും സംസ്ഥാനത്ത് ഭരണതലത്തിൽ ഏറ്റവും ഉന്നതമായ പദവിയിൽ ഇരിക്കുന്നതും വനിത ആണെന്നും കലക്ടർ പറഞ്ഞു. യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ വനിതാ ശിശുവികസന ഓഫീസർ പി. ബിജി അധ്യക്ഷത വഹിച്ചു.

ഈ വർഷത്തെ വനിതാദിന പരിപാടിയുടെ തീം 'ഫോർ ഓൾ വുമൺ ആൻഡ് ഗേൾസ് റൈറ്റ്, ഇക്വാലിറ്റി, എംപവർമെന്റ്' എന്നാണ്. ചടങ്ങിൽ വിശിഷ്ടാതിഥിയായി എത്തിയ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷിനെയും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വനിതകളെയും കലക്ടർ ആദരിച്ചു. ജില്ലാതല സംവാദ മത്സര വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീജ ഹരീഷ് വിതരണം ചെയ്തു. ജില്ലാ ശിശുവികസന ഓഫീസർ എൽ. രഞ്ജിനി സ്വാഗതം പറഞ്ഞു. ഇത്തിക്കര സിഡിപിഓമാരായ പി. ആർ.കവിത, ജെ. ഗ്രേസി, കൊല്ലം ഗവ.ആഫ്റ്റർ കെയർ ഹോം സൂപ്രണ്ട് ആർ. ബിന്ദു, ജില്ലാതല ഐപിഡിഎസ് സെൽ ജൂനിയർ സൂപ്രണ്ട് റ്റി. വിനോദ്, അഞ്ചാലുംമൂട് സിഡിപിഓ ടിൻസി രാമകൃഷ്ണൻ എന്നിവർ ചടങ്ങിന് ആശംസ പറഞ്ഞു.

ഫോർ ഓൾ വുമൺ ആൻഡ് ഗേൾസ് റൈറ്റ്, ഇക്വാലിറ്റി, എംപവർമെന്റ്''എന്ന വിഷയത്തിൽ അഡ്വ. ജി.പ്രസന്നകുമാരി ബോധവൽക്കരണ ക്ലാസ് നടത്തി.

പരിപാടിയുടെ ഭാഗമായി കൊല്ലം ശ്രീനാരായണ കോളേജ് എൻഎസ്എസ് ടീം തെരുവ് നാടകം അവതരിപ്പിച്ചു.

തുടർന്ന് ഫിലിം ഷോയും നടത്തി. പരിപാടിയുടെ ഭാഗമായി ഗവ. ആഫ്റ്റർ കെ ഹോം, കൊല്ലം മഹിളാ മന്ദിരം, ഗവ. ചിൽഡ്രൻസ് ഹോം എന്നിവിടങ്ങളിലെ കുട്ടികൾ അംഗനവാടി പ്രവർത്തകർ എന്നിവർ കലാപരിപാടികൾ അവതരിച്ചു.പരിപാടിയിൽ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരും, കുടുംബശ്രീ സിഡിഎസ് ചെയർപേഴ്സൺമാർ, വനിതാ സംഘടനാ പ്രതിനിധികൾ, വനിതാ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

# മാലിന്യമുക്ത നവകേരളം: പെരുമ്പളം പഞ്ചായത്തിൽ ബയോ ബിൻ വിതരണം ചെയ്തു

**ആലപ്പുഴ:** മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായി പെരുമ്പളം ഗ്രാമപഞ്ചായത്തിൽ ജൈവ മാലിന്യങ്ങൾ തരംതിരിച്ചു നിക്ഷേപിക്കുന്നതിനുള്ള ബിന്നുകളും ജൈവമാലിന്യം സംസ്കരിക്കുന്നതിനുള്ള ബയോകമ്പോസ്റ്റ് ബിന്നുകളും വിതരണം ചെയ്തു.

പെരുമ്പളം ഹോമിയോ ആശുപത്രി ഹാളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് വി വി ആശ സിദ്ധ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. ആദർശിന് ബിന്നുകൾ കൈമാറിക്കൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി, സിദ്ധ ആശുപത്രി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, എൽ പി സ്കൂളുകൾ, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, വിഎച്ച്എസ്ഇ സ്കൂൾ, വില്ലേജ് ഓഫീസ്, മൃഗാശുപത്രി, എളള ഓഫീസ്, കുടുംബശ്രീ, ധനകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെ പഞ്ചായത്തിലെ പതിനെട്ട് ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കുമാണ് ബിന്നുകൾ വിതരണം ചെയ്തത്. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ വഴി 40,000 രൂപയും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റായ 5,06,000 രൂപയും വിനിയോഗിച്ചാണ് പദ്ധതി നടപ്പാക്കിയത്.

പഞ്ചായത്തിലെ സ്കൂളുകളിൽ മുഴുവൻ ക്ലാസ് റൂമുകളിലേക്കും മാലിന്യ നിക്ഷേപ ബിന്നുകൾ എത്തിക്കാനും പദ്ധതിയിലൂടെ സാധിച്ചുവെന്ന് പ്രസിഡന്റ് പറഞ്ഞു. വൈസ് പ്രസിഡന്റ് എം എൻ ജയകരൻ അധ്യക്ഷനായി. സ്ഥിരംസമിതി അധ്യക്ഷരായ സരിത സുജി, കുഞ്ഞൻ തമ്പി, ജനപ്രതിനിധികളായ പി സി ജബീഷ്, ദിനീഷ് ദാസ്, മുൻസില ഫൈസൽ, അസിസ്റ്റന്റ് സെക്രട്ടറി കെ പി മധു തുടങ്ങിയവർ പങ്കെടുത്തു.

# സെമിനാർ സംഘടിപ്പിച്ചു

**ആലപ്പുഴ:** അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ഭരണിക്കാവ് പഞ്ചായത്തിൽ സെമിനാറും പൊതുസമ്മേളനവും സംഘടിപ്പിച്ചു. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രസിഡന്റ് കെ ദീപ പരിപാടി ഉദ്ഘാടനം ചെയ്തു. സ്ഥിരംസമിതി അധ്യക്ഷ വി ചെല്ലമ്മ അധ്യക്ഷയായി. 'ലഹരി ഉപയോഗവും മാനസിക പ്രശ്നങ്ങളും നിയന്ത്രിക്കുന്നതിൽ സ്ത്രീകൾക്കുള്ള പങ്ക്' എന്ന വിഷയത്തിൽ മനശ്ശാസ്ത്രജ്ഞൻ ഡോ. ഹരി എസ് ചന്ദ്രൻ, 'സ്ത്രീ സുരക്ഷ സൈബർ ഇടങ്ങളിൽ' എന്ന വിഷയത്തിൽ മനശ്ശാസ്ത്രജ്ഞ ഡോ. റഹ്മത്ത് എന്നിവർ ക്ലാസുകൾ നയിച്ചു. വൈസ് പ്രസിഡന്റ് സുരേഷ് പി മാത്യു, ബ്ലോക്ക് പഞ്ചായത്തംഗം എം ശ്യാമളാദേവി, ജനപ്രതിനിധികളായ എം റഹിയാനത്ത്, എൽ അമ്പിളി, കമ്മ്യൂണിറ്റി വുമൻ ഫെസിലിറ്റേറ്റർ ദേവിക, ഐസിഡിഎസ് സൂപ്പർവൈസർ സി ശുഭ, സിഡിഎസ് ചെയർപേഴ്സൺ വസന്ത രമേശ്, അങ്കണവാടി ജീവനക്കാർ, ആശാ പ്രവർത്തകർ, ഹരിതകർമ്മസേന, തൊഴിലുറപ്പ്, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# മരട് നഗരസഭയിൽ ഹരിത ടൗൺ പ്രഖ്യാപനം നടത്തി

**കൊച്ചി:** മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി മരട് നഗരസഭയിൽ ഹരിത ടൗൺ പ്രഖ്യാപനം നടത്തി. നഗരസഭ കാര്യലയത്തിൽ നടന്ന ചടങ്ങിൽ കെ ബാബു എംഎൽഎ ഹരിത ടൗണുകളുടെ പ്രഖ്യാപനം നടത്തി.

നഗരസഭയിലെ ഐഎൻടിയുസി ജംഗ്ഷൻ, കുണ്ടന്നൂർ ജംഗ്ഷൻ, കൊട്ടാരം ജംഗ്ഷൻ എന്നീ ഭാഗങ്ങളെയാണ്ഹരിത ടൗൺ ആയി പ്രഖ്യാപിച്ചത്. ഈ സ്ഥലങ്ങളിൽ പേപ്പർ മാലിന്യം പ്ലാസ്റ്റിക് മാലിന്യം എന്നിവ വേർതിരിച്ച് നിക്ഷേപിക്കാനായി ടിൻ ബിന്നുകളും സ്ഥാപിച്ചു. വരുംദിവസങ്ങളിൽ മറ്റ് പ്രധാനപ്പെട്ട 50 ഇടങ്ങളിലും ടിൻ ബിന്നുകൾ സ്ഥാപിക്കും.

നഗരസഭ ചെയർമാൻ ആൻറണി ആശാംപറമ്പിൽ അധ്യക്ഷത വഹിച്ചു. നെട്ടൂർ അന്താരാഷ്ട്ര മാർക്കറ്റിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ജൈവ മാലിന്യ സംസ്കരണത്തിനായുള്ള പ്ലാൻറ് സ്ഥാപിക്കുമെന്നും മൊബൈൽ സീവേജ് പ്ലാന്റിനായുള്ള നടപടികളും നടന്നു വരുകയാണെന്നും ചെയർമാൻ അറിയിച്ചു.

വൈസ് ചെയർപേഴ്സൺ അഡ്വ. രശ്മി സനിൽനഗരസഭ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ റിയാസ് കെ മുഹമ്മദ്, റിനി തോമസ്, ബേബി പോൾ, ശോഭ ചന്ദ്രൻ, ബിനോയ് ജോസഫ് കൗൺസിലർമാരായ പി ഡി രാജേഷ്, അജിത നന്ദകുമാർ, ബെൻഷാദ് നടുവിലവീട്, ചന്ദ്രകലാധരൻ, പത്മപ്രിയ വിനോദ്, ജയ ജോസഫ്, നഗരസഭാ സെക്രട്ടറി ഇ നാസിം, ക്ലീൻ സിറ്റി മാനേജർ പി ആർ പ്രേമന്ദ്, ഹെൽത്ത് ഇൻസ്പെക്ടർ പി. ഐ. ജേക്കബ്വെസ്റ്റ് സിഡിഎസ് ചെയർ പേഴ്സൺ ടെൽമ സനൂജ്, ഹരിത കർമ്മ സേന കൺസോർഷ്യം പ്രസിഡന്റ് അനിത, സെക്രട്ടറി രജനി എന്നിവർ പങ്കെടുത്തു.

# റീ ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മരട് മാങ്കായിൽ ഗവ: വിഎച്ച്എസ്എസിൽ നഗരസഭയുടെ പദ്ധതി (377 നമ്പർ പദ്ധതി)പ്രകാരം പഴയ കെട്ടിടത്തിൽ നിന്ന് വൈദ്യുതി മീറ്റർ, ബി എസ്എൻഎൽ കണക്ഷൻ എന്നിവ പുതിയ കെട്ടിടത്തിലേക്ക് മാറ്റിസ്ഥാപിക്കാൻ(അടങ്കൽ തുക 250000 )റീ ടെൻഡർ ക്ഷണിച്ചു .

അടങ്കൽ തുകയുടെ 2.5 ശതമാനം നിരതദ്രവ്യമായി അടയ്ക്കണം. ടെൻഡർ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 11ന് ഉച്ചയ്ക്ക് ഒരുമണി വരെ. ഓപ്പണിംഗ് അന്നേ ദിവസം 3 മണിക്ക്.

സൊസൈറ്റി ടുഡേ
SOCIETY TODAY




വനിതാദിനത്തോടനുബന്ധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം രാജേന്ദ്രമൈതാനത്ത് നടത്തിയ ലഹരി വിരുദ്ധ സെമിനാർ നാർക്കോട്ടിക് സെൽ കൊച്ചി അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൾ സലാം ഉദ്ഘാടനം ചെയ്യുന്നു.അജ്മൽ കാമ്പായി , പ്രദീപ് ജോസ്, അബ്ദുൾ റസാഖ്, എം. സി പോൾസൺ, സി.എസ് അജ്മൽ, എ.ജെ റിയാസ്, പി.സി ജേക്കബ്ബ്, ജയാ പീറ്റർ, സീന സജീവ്,സുനിത വിനോദ്, മായ ജേക്കബ്ബ്, ലീന റാഫേൽ, ജയാ ജോസഫ്, ശാന്തമ്മ തുടങ്ങിയവർ മുൻ നിരയിൽ

# യുവതലമുറയിലെ ലഹരിഉപയോഗം തടയാൻ കൂട്ടായ പ്രവർത്തനം അനിവാര്യം: നാർക്കോട്ടിക് സെൽ എസിപി അബ്ദുൾ സലാം

## വനിതാ ദിനത്തിൽ ലഹരിക്കെതിരെ റാലി നടത്തി കെവിവിഇഎസ് വനിതാ വിംഗ്

**കൊച്ചി:** കൊച്ചിയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് ലഹരിക്കേസുകൾ വർധിച്ചുവരുന്ന സാഹചര്യമാണുള്ളതെന്നും യുവതലമുറയിലെ ലഹരി ഉപയോഗം അപകടകരമായ വിധം കൂടിവരുന്നത് കൂട്ടായ പ്രവർത്തനത്തിലൂടെ തടയണമെന്നും നാർക്കോട്ടിക് സെൽ കൊച്ചി അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൾ സലാം പറഞ്ഞു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ലോക വനിതാദിനത്തോടനുബന്ധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളം രാജേന്ദ്രമൈതാനത്ത് നടത്തിയ ലഹരി വിരുദ്ധ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 2500 ഓളം ലഹരിക്കേസുകളാണ് കഴിഞ്ഞവർഷം കൊച്ചി നഗരത്തിൽ പിടിച്ചത്. ഇതിൽ 44 കേസുകൾ 20 കിലോയിൽക്കൂടുതലുള്ളതും 120 കേസുകൾ 10 കിലോയ്ക്കും 20 കിലോയ്ക്കും ഇടയിലുള്ള കേസുകളുമായിരുന്നു. ദിനം പ്രതി ഇപ്പോഴും ലഹരികൾ പിടികൂടിക്കൊണ്ടിരിക്കുകയാണെന്നും എസിപി അബ്ദുൾ സലാം പറഞ്ഞു. എം.ഡി.എം.എ പോലുള്ള മാരകമായ രാസലഹരികളുടെ ഉപയോഗമാണ് യുവാക്കൾക്കിടയിൽ വർധിച്ചുവരുന്നത്. ലഹരിയുടെ വ്യാപനം തടയാൻ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. മാതാപിതാക്കളും അധ്യാപകരും കുട്ടികളുടെ കാര്യത്തിൽ സദാസമയവും ജാഗ്രത പുലർത്തണം പ്രത്യേകിച്ച് കൗമാര കാലഘട്ടത്തിൽ. ഇവരുടെ കൂട്ടുകെട്ടുൾപ്പെടെയുള്ള കാര്യങ്ങളിൽ മാതാപിതാക്കളും അധ്യപകരും എപ്പോഴും ശ്രദ്ധപുലർത്തണമെന്നും അദ്ദേഹം പറഞ്ഞു. വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ അധ്യക്ഷത വഹിച്ചു. ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ലഹരി വിരുദ്ധ സന്ദേശ റാലി ഫ്ളാഗ് ഓഫ് ചെയ്തു.ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി. എകോപന സമിതി ജില്ലാ ട്രഷറർ സി.എസ് അജ്മൽ, ജില്ലാ വൈസ് പ്രസിഡന്റും വനിതാ വിംഗ് കോർഡിനേറ്ററുമായ എം. സി പോൾസൺ, വൈസ് പ്രസിഡന്റുമാരായ അബ്ദുൾ റസാഖ്, അസീസ് മൂലയിൽ, ജില്ലാ സെക്രട്ടറിമാരായ എൻ.വി പോളച്ചൻ, ടി.പി റോയി, ജില്ലാ സെക്രട്ടറിയേറ്റംഗം കെ.എ നാദിർഷ, വനിതാ വിംഗ് ജനറൽ സെക്രട്ടറി സീന സജീവ്, ട്രഷറർ സുനിത വിനോദ് സംസ്ഥാന വൈസ് പ്രസിഡന്റ് മായ ജേക്കബ്ബ്, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, ട്രഷറർ അജ്മൽ കാമ്പായി തുടങ്ങിയവർ സംസാരിച്ചു.




ലോക വനിതാദിനത്തോടനുബന്ധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വനിതാ വിംഗ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ എറണാകുളത്ത് നടത്തിയ ലഹരിവിരുദ്ധ സന്ദേശ റാലി

# കളക്ടറേറ്റിൽ വനിതാദിന ആഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** സ്ത്രീകളെ സംബന്ധിച്ചിടത്തോളം തുല്യതയാണ് ഏറ്റവും പ്രധാനം എന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് പറഞ്ഞു. കളക്ടറേറ്റിൽ സംഘടിപ്പിച്ച വനിതാദിന ആഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒരു ദിവസം മാത്രമായി ആചാരിക്കേണ്ടതല്ല വനിതാ ദിനം. സ്ത്രീകൾക്ക് എല്ലാ ദിവസവും തുല്യ പരിഗണനയും ബഹുമാനവും നൽകി വേണം മുന്നോട്ട് പോകാൻ. പുരുഷന്മാരെ അപേക്ഷിച്ച് വ്യക്തി ജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും നിരവധി വെല്ലുവിളികൾ തരണം ചെയ്താണ് വനിതകൾ പ്രവർത്തിക്കുന്നത്. കളക്ടറേറ്റിലെ സഹപ്രവർത്തകരിൽ പുരുഷന്മാരെക്കാൾ സ്ത്രീകളാണ് ഉള്ളത്. വളരെ മികച്ച രീതിയിൽ ആണ് വനിത ജീവനക്കാരുടെ പ്രവർത്തനം എന്നും അദ്ദേഹം പറഞ്ഞു. കളക്ടറുടെ ചേംബറിൽ കേക്ക് മുറിച്ചായിരുന്നു വനിതാദിന ആഘോഷം സംഘടിപ്പിച്ചത്. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ്, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# വനിതാ ദിനത്തിൽ ചരിത്രം സൃഷ്ടിച്ച് കേരളം

- ഒരു മാസത്തിനുള്ളിൽ 10 ലക്ഷത്തിലധികം സ്ത്രീകൾക്ക് കാൻസർ സ്ക്രീനിംഗ്
- സ്ക്രീനിംഗിൽ 8 6 പേർക്ക് കാൻസർ സ്ഥിരീകരിച്ചു

**തിരുവനന്തപുരം:** കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് 10 ലക്ഷത്തിലധികം (10,69,703) പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്തെ 1517 ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്. സ്ക്രീൻ ചെയ്തതിൽ 42,048 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനകൾക്കായി റഫർ ചെയ്തു. കാൻസർ ക്യാമ്പയിൻ വിജയമാക്കിയ പ്രിയപ്പെട്ട സഹപ്രവർത്തകർക്കും സ്ത്രീ സമൂഹത്തിനും മന്ത്രി നന്ദി അറിയിച്ചു. ഭയത്തെ അതിജീവിച്ച് കാൻസർ രോഗത്തെ അതിജീവിക്കാൻ മുന്നോട്ടുവന്നതിൽ അഭിനന്ദനം. ഏവർക്കും വനിതാദിന ആശംസകളും നേർന്നു.

9,66,665 സ്ത്രീകൾക്ക് സ്തനാർബുദം ഉണ്ടോയെന്നറിയാൻ സ്ക്രീനിംഗ് നടത്തി. അതിൽ 20,530 പേരെ (2 ശതമാനം) സ്തനാർബുദം സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. 7,72,083 പേരെ ഗർഭാശയഗളാർബുദത്തിന് സ്ക്രീൻ ചെയ്തതിൽ 22,705 പേരെ (3 ശതമാനം) തുടർ പരിശോധനയ്ക്കായും 6,52,335 പേരെ വായിലെ കാൻസറിന് സ്ക്രീൻ ചെയ്തതിൽ 2,383 പേരെ തുടർ പരിശോധനയ്ക്കായും റഫർ ചെയ്തു. ഈ ക്യാമ്പയിനിലൂടെ നിലവിൽ 86 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും. ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതാണ്. ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബുകൾ എന്നിവരും സഹകരിക്കുന്നുണ്ട്. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ, മാധ്യമ പ്രവർത്തകർ, സെക്രട്ടറിയേറ്റ് ജീവനക്കാർ, ടെക്നോപാർക്ക് ജീവനക്കാർ തുടങ്ങിയവർക്കായി പ്രത്യേക ക്യാമ്പുകളും സംഘടിപ്പിച്ചു. അതിലെല്ലാം ബഹുഭൂരിപക്ഷം പേരും പങ്കെടുത്തു. ഇനിയും സ്ക്രീനിംഗിന് വിധേയമായിട്ടില്ലാത്തവർ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തിയാൽ കാൻസർ സ്ക്രീനിംഗ് നടത്താവുന്നതാണ്. എല്ലാവരും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

## ലഹരി വിരുദ്ധ ബോധവത്കരണത്തിന് തുടക്കം

**മൂവാറ്റുപുഴ:** പോലീസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 'ലഹരിക്കെതിരെയും അക്രമങ്ങൾക്കെതിരെയും' ബോ ധവത്കരണ പരിപാടിക്ക് നിർമല കോളേജിൽ തുടക്കമായി. കോളേജ് ഓഡിയോ വിഷ്വൽ ഹാളിൽ നടന്ന ബോധവത്കരണ സെമിനാർ മൂവാറ്റുപുഴ ഡി വൈ എസ് പി പി.എം ബൈജു ഉദ്ഘാടനം ചെയ്തു. കോളേജിലെ വിവിധ വിഭാഗങ്ങളിൽ നിന്നായി നിരവധി വിദ്യാർഥികൾ സെമിനാറിൽ പങ്കെടുത്തു. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴ പോലീസ് സ്റ്റേഷൻ പി ആർ ഒ സിബി അച്ചുതൻ ബോധവത്കരണ ക്ലാസ് നയിച്ചു. ക്ലാസിൽ വിദ്യാർഥികൾക്ക് പോലിസിന്റെ യോദ്ധാവ് ആപ്ലിക്കേഷൻ വിദ്യാർഥികളെ പരിചയപ്പെടുത്തി. കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, വൈസ് പ്രിൻസിപ്പൽ ജിജി കെ ജോസഫ്, സെൽഫ് ഫിനാൻസിങ് വിഭാഗം അഡ്മിനിസ്ട്രേറ്റർ പ്രൊഫ. സജി ജോസഫ്, മൂവാറ്റുപുഴ എസ് ഐ രജിത്ത് എ ആർ, ശോഭിത ജോയി എന്നിവർ പ്രസംഗിച്ചു.



വയനാട് കൃഷ്ണഗിരി സ്റ്റേഡിയത്തിൽ നടന്ന ഗാർമെന്റ്സ് പ്രീമിയർലീഗിൽ സമാഹരിച്ച 10 ലക്ഷം രൂപ വയനാട് ദുരിതാശ്വാസ നിധിയിലേക്ക് ജിസിഎ ട്രസ്റ്റ് പ്രസിഡന്റ് വി.എം അഹമ്മദുള്ള, സെക്രട്ടറി സാബി ജോൺ, ട്രഷറർ ജിനോയ് വർഗീസ് എന്നിവർ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

സൊസൈറ്റി ടുഡേ
SOCIETY TODAY



ഡബ്ല്യൂ.എം.എ.എഫ് നയൺത് ഡാൻ ബ്ലാക്ക് ബെൽറ്റ് നേടിയ ആദ്യ ഇന്ത്യക്കാരനും കോഇൻചി അക്കാദമി സ്ഥാപകനുമായ വി.ഇസഡ് സെബാസ്റ്റ്യനെ ആലപ്പുഴയിൽ സംഘടിപ്പിച്ച ചടങ്ങിൽ ആലപ്പുഴ ജില്ല കരാട്ടെ ദൊ അസ്സോസിയേഷൻ സെക്രട്ടറിയും കോഇൻചി അക്കാദമിയുടെ പരിശീലകനുമായ ജോ ഷാജി ചെറിയാൻ, കൊഇൻചി അക്കാദമി വൈസ് പ്രസിഡന്റുമായ നിർമ്മൽ വി.സെബാസ്റ്റിയൻ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരണം നൽകിയപ്പോൾ.

## ഡബ്ല്യു. എം. എ. എഫ് നയൺത് ഡാൻ ബ്ലാക്ക് ബെൽറ്റ് നേടിയ ആദ്യ ഇന്ത്യക്കാരനായി വി. ഇസഡ് സെബാസ്റ്റ്യൻ; ആദരമൊരുക്കി ശിക്ഷ്യഗണം

# ആയോധനകലാ രംഗത്തേയ്ക്ക് പെൺകുട്ടികൾ കൂടുതലായി എത്തുന്നു : വി.ഇസഡ് സെബാസ്റ്റ്യൻ

**ആലപ്പുഴ:** കരാട്ടെയിൽ അമേരിക്കയിലെ വേൾഡ് മാർഷ്യൽ ആർട്സ് ഫെഡറേഷൻ (ഡബ്ല്യു.എം.എ.എഫ്) ന്റെ 'നയൺത് ഡാൻ' ബ്ലാക്ക് ബെൽറ്റ് നേടിയ ആദ്യ ഇന്ത്യക്കാരനായ ഗ്രാൻഡ് മാസ്റ്റർ വി. ഇസഡ് സെബാസ്റ്റ്യന് ആദരമൊരുക്കി ശിഷ്യഗണം. ആലപ്പുഴ ഹോട്ടൽ റോയൽ പാർക്കിൽ സംഘടിപ്പിച്ച ചടങ്ങിലാണ് കേരളത്തിലെ ശിഷ്യഗണങ്ങളും കോഇൻചി അക്കാദമിയിലെ പരിശീലകരും ചേർന്ന് വി.ഇസഡ് സെബാസ്റ്റ്യന് സ്വീകരണം നൽകിയത്. ചടങ്ങിൽ ആലപ്പുഴ ജില്ല കരാട്ടെ ദൊ അസ്സോസിയേഷൻ സെക്രട്ടറിയും കോഇൻചി അക്കാദമിയുടെ പരിശീലകനുമായ ജോ ഷാജി ചെറിയാൻ, കൊഇൻചി അക്കാദമി വൈസ് പ്രസിഡന്റുമായ നിർമ്മൽ വി.സെബാസ്റ്റിയൻ എന്നിവരുടെ നേതൃത്വത്തിലായിരുന്നു സ്വീകരണമൊരുക്കിയത്.

കേരളത്തിൽ ആൺകുട്ടികളേക്കാൾ കൂടുതൽ പൺകുട്ടികളാണ് ഇപ്പോൾ ആയോധന കല പഠിക്കാൻ വരുന്നതെന്ന് വി.ഇസഡ് സെബാസ്റ്റ്യൻ പറഞ്ഞു. അമേരിക്കയിലെ അറ്റ്ലാന്റിക് സിറ്റിയിൽ നടന്ന ഹാൾഓഫ് ഓണർ അവാർഡ് ദാനചടങ്ങിലും പരിശീലന പരിപാടിയിലും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നും വന്ന പരിശീലകരോടൊപ്പം സെബാസ്റ്റ്യനും പങ്കെടുത്തു. അവിടെ നിന്നും ലഭിച്ച പുതിയ അറിവുകൾ ഇവിടുത്തെ കുട്ടികൾക്ക് പകർന്ന് നൽകുമെന്നും അദ്ദേഹം പറഞ്ഞു.

വിവിധ മാർഷ്യർ ആർട്സിന്റെ ആധുനിക രീതിയിലുള്ള സ്കൂളായ കോഇൻചി അക്കാദമി ഓഫ് മാർഷ്യൽ ആർട്ട്സിന്റെ സ്ഥാപകനും ഡയറക്ടറുമാണ് വി. ഇസഡ് സെബാസ്റ്റ്യൻ. ഇന്ത്യ കൂടാതെ ഒമാനിലും യുഎസ്എയിലും ശാഖകൾ ഉള്ള അക്കാദമിയിൽ സ്കൂളും ഡോജോയും ഉൾപ്പെടെ 81 ക്ലാസുകളാണുള്ളത്. കളരിപ്പയറ്റിൽ അഗ്രഗണ്യനായിരുന്ന പിതാവിൽ നിന്നും ലഭിച്ച പരിശീലനവും അറിവും പിന്തുടർന്നാണ് സെബാസ്റ്റ്യൻ മാർഷ്യൽ ആർട്സിൽ എത്തുന്നത്. കരാട്ടെ രംഗത്ത് 45 വർഷം പൂർത്തിയാക്കിയ സെബാസ്റ്റ്യൻ 1983 ൽ ശ്രീലങ്കയിലെ ഷോട്ടോഖാൻ കരാട്ടെയിൽ നിന്നുമാണ് ഫസ്റ്റ് ഡിഗ്രി നേടിയത്.

85ൽ ഇന്ത്യയിലെ ഒക്കിനാവാ മാർഷ്യൽ അക്കാദമിയിൽ നിന്നും സെക്കന്റ് ബ്ലാക്ക് ബെൽറ്റും, 87 ൽ തേർഡ് ഡാൻ ബ്ലാക്ക് ബെൽറ്റും നേടി. ജപ്പാനിലെ അഷിഹാര ഇന്റർനാഷണൽ ഫുൾ കോൺടാക്ട് കരാട്ടെയിൽ 1989ൽ ഫസ്റ്റ് ഡാൻ നേടിയ സെബാസ്റ്റ്യൻ തായ്ക്വാണ്ടയിൽ സെക്കന്റ് ഡാൻ ബ്ലാക്കും നേടി. 92 ൽ മലേഷ്യയിലെ ഇന്റർനാഷണൽ കരാട്ടെ അക്കാദമിയിൽ നിന്നും ഫോർത്ത് ഡാൻ ബ്ലാക്ക് ബെൽറ്റും, വേൾഡ് കരാട്ടെ ഫെഡറേഷനിൽ നിന്നും ഫിഫ്ത്ത് ഡാൻ ബ്ലാക്ക് ബെൽറ്റും, കരാട്ടെ അസോസിയേഷൻ ഓഫ് ഇന്ത്യയിൽ നിന്നും സിക്സ്ത് ഡാൻ ബ്ലാക്ക് ബെൽറ്റും, വേൾഡ് മാർഷ്യൽ ആർട്സ് ഫെഡറേഷനിൽ നിന്നും 2010 ൽ സെവൻത് ഡാൻ ബ്ലാക്ക് ബെൽറ്റും, 2018 ൽ എയിറ്റ്ത് ഡാൻ ബ്ലാക്ക് ബെൽറ്റും നേടിയതിനു പിന്നാലെയാണ് ഇപ്പോൾ നയൺത് ഡാൻ ബ്ലാക്ക് ബെൽറ്റും സെബാസ്റ്റ്യൻ കരസ്ഥമാക്കിയത്.

ശ്രീലങ്കയിലെ ജാഫ്നയിൽ 1983 ൽ അക്കാദമി ഓഫ് ഓറിയന്റൽ മാർഷ്യൽ ആർട്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇൻഡോ ശ്രീലങ്കൻ ഓപ്പൺ കരാട്ടെ ടൂർണമെന്റിൽ റണ്ണർ അപ്പ് ആയിരുന്ന സെബാസ്റ്റ്യൻ 83 ൽ തൃശൂരിൽ നടന്ന യോഖോഖാൻ കരാട്ടെ ഇന്റർനാഷണൽ സംഘടിപ്പിച്ച ഓൾ ഇന്ത്യ കരാട്ടെ ടൂർണമെന്റിൽ ഗ്രാന്റ് ചാംപ്യൻ പട്ടം കരസ്ഥമാക്കി. 84 ൽ കൊല്ലത്ത് നടന്ന ഷോട്ടോഖാൻ കരാട്ടെ ഇന്റർനാഷണൽ ടൂർണമെന്റിൽ ബ്ലാക്ക് ബെൽറ്റ് ചാംപ്യൻ പട്ടവും സ്വന്തമാക്കി. വേൾഡ് മാർഷ്യൽ ആർട്സ് ഫെഡറേഷന്റെ പരിശീലനത്തിന്റെയും സർട്ടിഫിക്കേഷന്റെയും ഇന്ത്യ കൂടാതെ ഏഷ്യാ ഭൂഖണ്ഡത്തിന്റെ മുഖ്യ പരിശീലകനും ഉപദേഷ്ടാവുമാണ് സെബാസ്റ്റ്യൻ. കരാട്ടെയിലും മാർഷ്യൽ ആർട്ട്സിലുമുള്ള മികവിന്റെ അടിസ്ഥാനത്തിൽ 2009 ൽ പി.ടി ചാക്കോ ഫൗണ്ടേഷൻ സെബാസ്റ്റ്യനെ ലൈഫ്ടൈം അച്ചീവ്മെന്റ് പുരസ്ക്കാരം നൽകി ആദരിച്ചിരുന്നു. 2017ൽ യുഎസ്എ മാർഷ്യൽ ആർട്സ് ഹാൾ ഓഫ് ഫെയിം അവാർഡ് നൽകിയും വി.ഇസഡ് സെബാസ്റ്റ്യനെ ആദരിച്ചു.

# അഭിമാനവും മാതൃകയുമാണ് വനിതാ കർഷകർ: മന്ത്രി പി പ്രസാദ്

**ആലപ്പുഴ:** അന്താരാഷ്ട്ര വനിതാദിനമായ ഇന്ന് ഒരു കർഷകയുടെ കൃഷിയിടത്തിലെത്താൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും അഭിമാനവും മാതൃകയുമാണ് നമ്മുടെ വനിതാ കർഷകരെന്നും കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കഞ്ഞിക്കുഴി പഞ്ചായത്ത് പതിനാറാം വാർഡിലെ മുതിർന്ന കർഷക ശശികലയുടെ വീട്ടുവളപ്പിലെ പച്ചക്കറി വിളവെടുപ്പ് വനിതാ ദിനത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കൃഷി സന്തോഷത്തിനും സമ്പത്തിനും ഉപകരിക്കുമെന്ന പാഠമാണ് പ്രായത്തെ മറികടന്ന് ഇപ്പോഴും കൃഷി ചെയ്യുന്ന മുതിർന്ന കർഷകയായ ശശികലയുടെ ജീവിതം നൽകുന്ന സന്ദേശം.

കൃഷി ചെയ്യുവാൻ പ്രായം പ്രശ്നമല്ല. ഏത് പ്രായത്തിലും കൃഷി ചെയ്യാൻ സാധിക്കും. മനസ്സും ശരീരവും അർപ്പിച്ച് കൃഷി ചെയ്യുകയും അതിലൂടെ നേട്ടങ്ങൾ കൊയ്യുകയും ചെയ്യുന്ന ശശികല ചേച്ചിയെ എല്ലാവരും മാതൃകയാക്കണമെന്നും മന്ത്രി പറഞ്ഞു.

കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് ഗീതാ കാർത്തികേയൻ, വൈസ് പ്രസിഡന്റ് അഡ്വ. എം സന്തോഷ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജി അനിൽ കുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗം പി എസ് ശ്രീലത, കർമ്മസേന കൺവീനർ ജി. ഉദയപ്പൻ തുടങ്ങിയവർ സംസാരിച്ചു.

# എറണാകുളംജില്ലയിലെ ആദ്യ മാലിന്യ മുക്ത പഞ്ചായത്ത് പദവി നേടി മണീട്

**കൊച്ചി:** ജില്ലയിലെ ആദ്യത്തെ മാലിന്യമുക്ത പഞ്ചായത്ത് പദവി സ്വന്തമാക്കി മണീട് ഗ്രാമപഞ്ചായത്ത്. ഹരിത പ്രഖ്യാപനം തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ നിർവഹിച്ചു.

പഞ്ചായത്തും ജനങ്ങളും ഒത്തുചേർന്ന് ഉത്തരവാദിത്വത്തോടെയുള്ള പ്രവർത്തനമാണ് വേണ്ടതെന്ന് ഹരിത പ്രഖ്യാപനം നടത്തിക്കൊണ്ട് സ്പെഷ്യൽ സെക്രട്ടറി പറഞ്ഞു. ഹരിത പ്രഖ്യാപനത്തിന്റെ മാനദണ്ഡങ്ങൾ പഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സുസ്ഥിരതയോടെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കണം. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാർച്ച് 30 ന് മുമ്പായി മാലിന്യ മുക്ത പ്രഖ്യാപനം നടത്തണമെന്നായിരുന്നു സർക്കാർ നിർദ്ദേശം. എന്നാൽ അതിനും മൂന്ന് ആഴ്ച മുമ്പ് തന്നെ എല്ലാ നടപടികളും പൂർത്തിയാക്കി പ്രഖ്യാപനം നടത്തുന്ന മണീട് മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാണെന്നും സ്പെഷ്യൽ സെക്രട്ടറി പറഞ്ഞു.

ഉദ്യോഗസ്ഥരും പഞ്ചായത്തും പൊതുജനങ്ങളും ഒത്തുചേർന്നുള്ള പ്രവർത്തനം കൊണ്ടാണ് ഇത്തരമൊരു നേട്ടം നേടിയെടുക്കാൻ സാധിച്ചതെന്ന് ഹരിത പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച സ്ഥാപനങ്ങളെ ആദരിച്ചുകൊണ്ട് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു. ചടങ്ങിൽ ഹരിത ഭവനം സ്റ്റിക്കർ ഉദ്ഘാടനവും പഞ്ചായത്ത് സെക്രട്ടറി കെ അനിമോൾക്ക് നൽകി കളക്ടർ നിർവഹിച്ചു.

ഡോ ബി ആർ അംബേദ്കർ കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടിയിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പോൾ വർഗീസ് അദ്ധ്യക്ഷയായി. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സിറ്റി അനീഷ് ശുചിത്വ പ്രതിജ്ഞ ചൊല്ലി കൊടുത്തു.

മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, അങ്കണവാടികൾ, അയൽക്കൂട്ടങ്ങൾ എന്നിവയെല്ലാം ഹരിതമായി പ്രഖ്യാപിച്ചു. പഞ്ചായത്തിലെ പൊതുസ്ഥലങ്ങളെല്ലാം വാർഡുതല ശുചിത്വ നിർവ്വഹണ സമതിയുടേയും തൊഴിലുറപ്പ് തൊഴിലാളികളുടെയും, സന്നദ്ധ പ്രവർത്തകരുടേയും സഹായത്തോടെ വൃത്തിയാക്കി. അറുപതോളം പൊതു സ്ഥലങ്ങളാണ് ഇത്തരത്തിൽ വൃത്തിയാക്കിയത്. വൃത്തിയാക്കിയ സ്ഥലങ്ങളിൽ ചെടികൾ നടുകയും സിസിടിവി സ്ഥാപിക്കുകയും ചെയ്തു.

പഞ്ചായത്തിലെ 48 കിലോമീറ്റർ തോടുകളും, 42 നീർച്ചാലുകളും 36 ജലാശയങ്ങളും ശുചീകരിച്ച് മാലിന്യമുക്തമാക്കി. പഞ്ചായത്തിന് കീഴിലുള്ള ഭവനങ്ങൾക്ക് ബയോ ഡൈജസ്റ്റർ ബിന്നുകൾ വിതരണം ചെയ്തു. പൊതു ഇടങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.

അങ്കണവാടികൾ ഉൾപ്പെടെ 56 സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങൾ ആക്കി. ഒമ്പത് വിദ്യാലയങ്ങളും ഒരു ക്യാമ്പസും ഹരിത ക്യാമ്പസ് ആയി മാറ്റുകയും ചെയ്തു. രണ്ട് ടൗണുകൾ ഹരിത ടൗൺ ആയി പ്രഖ്യാപിച്ചു. 250 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചിട്ടുണ്ട്. 30 ഹെക്ടർ ഓളം തരിശുഭൂമി കൃഷിക്ക് യോഗ്യമാക്കുകയും ചെയ്തു.

ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കെ ജെ ജോയ്, നവകേരള മിഷൻ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ശുചിത്വ മിഷൻ ജില്ലാ കോഓഡിനേറ്റർ എസ് ലിജുമോൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓഡിനേറ്റർ റ്റി എം റെജിന , ജില്ലാ പഞ്ചായത്ത് മെമ്പർ എൽദോ ടോം പോൾ, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി കെ പ്രദീപ്, മുളന്തുരുത്തി ബ്ലോക്ക് മെമ്പർ ജ്യോതി രാജീവ്, ക്യാമ്പയിൻ സെക്രട്ടറിയേറ്റ് ജില്ലാ കോ ഓഡിനേറ്റർ കെ കെ രവി, ഹരിത കേരളം മിഷൻ ബ്ലോക്ക് കോ ഓഡിനേറ്റർ കെ റ്റി രത്നാഭായ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങൾ, പഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥർ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തകർ, ഹരിത കർമ്മ സേന അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ആലപ്പുഴ നഗരസഭയുടെ പ്രവർത്തനം ഇന്നുമുതൽ ശതാബ്ദി മന്ദിരത്തിൽ

**ആലപ്പുഴ:** നഗരസഭയുടെ പ്രവർത്തനങ്ങൾ ഇന്നു മുതൽ പുതിയ ശതാബ്ദി മന്ദിരത്തിൽ ലഭ്യമാകും. ഫയലുകളും കമ്പ്യൂട്ടർ സിസ്റ്റവുമടക്കം പുതിയ മന്ദിരത്തിലേക്ക് മാറ്റുന്ന പ്രവർത്തനങ്ങൾ അവധി ദിവസങ്ങളായ രണ്ടാം ശനിയാഴ്ച്ചയും ഞായറാഴ്ച്ചയുമായി നടന്നു വരുന്നു. പ്രവർത്തിദിനമായ തിങ്കളാഴ്ച മുതൽ പൊതുജനങ്ങൾക്ക് എല്ലാ സേവനങ്ങളും തടസ്സമില്ലാതെ നൽകാനുള്ള നിലയിലാണ് ഷിഫ്റ്റിംഗ് പുരോഗമിക്കുന്നത്. അടുത്തദിവസം തന്നെ വിപുലമായ ഉദ്ഘാടന പരിപാടികളോടെ നഗരസഭയുടെ മുഴുവൻ സേവനങ്ങളും ശതാബ്ദി മന്ദിരത്തിൽ സംയോജിപ്പിച്ച് പൂർണ്ണമായും പ്രവർത്തനസജ്ജമാകും. 201617 കാലയളവിലാണ് ശതാബ്ദി മന്ദിരം നിർമ്മാണം ആരംഭിച്ചത്. 15 കോടിയിലധികമാണ് നിർമ്മാണ ചെലവ്.

ആർക്കിടെക്ട് പത്മശ്രീ ജി ശങ്കർ മാനേജിംഗ് ഡയറക്ടറായുള്ള ഹാബിറ്റാറ്റ് ടെക്നോളജീസിനായിരുന്നു നിർമ്മാണ ചുമതല. ഇൻറീരിയർ, ഫർണീച്ചർ തുടങ്ങിയ പ്രവർത്തികൾ സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ആർട്കോ ആണ് നിർവ്വഹിച്ചത്.

# സാമൂഹിക പരിവർത്തനം വിപ്ലവം കൊണ്ട് സാധ്യമല്ല; വിശ്വഹിന്ദു പരിഷത്ത്



വിശ്വഹിന്ദു പരിഷത്ത് കോട്ടയത്ത് സംഘടിപ്പിച്ച സംസ്ഥാന ബൈഠക്കിൽ അഖില ഭാരതീയ സീമാജാഗ്രൺ മഞ്ച് രക്ഷാധികാരി എ.ഗോപാല കൃഷ്ഷൻ പ്രഭാഷണം നടത്തുന്നു. വി.എച്ച്.പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പി സമീപം.

**കോട്ടയം:** സാമൂഹിക പരിവർത്തനം വിപ്ലവം കൊണ്ട് സാധ്യമല്ലെന്ന് കോട്ടയത്ത് സംഘടിപ്പിച്ച വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ബൈഠക്കിൽ അഖില ഭാരതീയ സീമാജാഗ്രൺ മഞ്ച് രക്ഷാധികാരി എ.ഗോപാല കൃഷ്ഷൻ പറഞ്ഞു. ജാതി, ഉപജാതി വിഭാഗങ്ങളിലെ അന്തരം പൂർണ്ണമായി ഇല്ലാതാക്കുന്നതിന് ഹിന്ദുസമൂഹത്തിൽ സാമൂഹിക പരിവർത്തനം ആവശ്യമാണ്. ഐക്യത്തിന്റെയും, സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും അടിസ്ഥാനത്തിൽ സഹപ്രവർത്തകരെ സ്വയം പ്രേരിതരാക്കി സാമൂഹിക പരിവർത്തനത്തിനും കേരളത്തിന്റെ സ്വത്വബോധം നഷ്ടപ്പെടാതെ നിലനിറുത്തുന്നതിനും വേണ്ടി സമൂഹത്തിന്റെ അടിത്തട്ടിലെ പ്രവർത്തനം സക്രിയമാക്കണം. അടിസ്ഥാന പ്രവർത്തനത്തെ കാര്യക്ഷമമാക്കുന്നതിനായി വിശ്വഹിന്ദു പരിഷത്തിന്റെ സ്ഥാനീയ സമിതികൾ പ്രവർത്തനത്തിലൂടെ സമാജത്തിലെ അവശത അനുഭവിക്കുന്ന സഹോദരരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സേവന പ്രവർത്തനങ്ങൾ അടിസ്ഥാന ഘടകങ്ങളിലൂടെ നിർവഹിക്കപ്പെടേണ്ടതാണ്. അതിലൂടെ മാത്രമേ സാമൂഹിക രംഗത്തെ അപകടകരമായ അപജയങ്ങളെ അതിജീവിക്കാൻ സാധിക്കൂ.

അതിനായി ഓരോ ഗ്രാമത്തിനും പ്രദേശത്തിനും തനതായ ആചാരങ്ങളും,അനുഷ്ഠാനങ്ങളും ഉണ്ട്. അവയെ മാനിക്കാനും ഗ്രാമങ്ങളുടെ തനത് സ്പന്ദനത്തെ തൊട്ടറിയാനും ആ തനിമയെ നിലനിറുത്താനും ഓരോ വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകനും പരിശ്രമിക്കണമെന്നും ബൈഠക്കിൽ മുഖ്യ പ്രഭാഷണം നിർവ്വഹിച്ച എ.ഗോപാല കൃഷ്ഷൻ പറഞ്ഞു. സാമൂഹിക പരിവർത്തനത്തിനായി വിശ്വഹിന്ദു പ്രവർത്തകർ ഗ്രാമഗ്രാമങ്ങളിൽ സത്സംഗമങ്ങൾ നടത്തണം. ഹിന്ദുവിന്റെ പാരമ്പര്യത്തെയും ഹിന്ദുത്വ ബോധത്തെയും നിലനിറുത്താൻ ആചാരനുഷ്ഠങ്ങൾക്ക് കഴിയണം. മതപരമായ ബോധത്തോടൊപ്പം സാമൂഹിക ബോധവും ദേശീയ ഭാവനയും ഉണർത്താനും ജാതി ചിന്തകൾ ഒഴിവാക്കാനും ഉപകരിക്കുന്നതായിരിക്കണം സത്സംഗമങ്ങൾ. ഹിന്ദു വിഭാഗങ്ങളെ ഏകീകരിക്കാൻ കഴിയണം. ബൈഠക്കിൽ സംസ്ഥാന പ്രസിഡന്റ് വിജി തമ്പി അധ്യക്ഷത വഹിച്ചു.വി.എച്ച്.പി സംസ്ഥാന പാലക് അധികാരിയും രാഷ്ട്രീയ സ്വയം സംഘം ഉത്തരകേരളം പ്രാന്ത പ്രചാരക് ആ.വിനോദ്, സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി.ആർ.രാജശേഖരൻ, ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

## മാലിന്യ മുക്ത നവകേരളം; നെല്ലിക്കുഴി ഹരിത ടൗണായി

**കൊച്ചി:** സംസ്ഥാനത്തെ മാലിന്യ മുക്തമാക്കുന്ന സർക്കാർ പ്രവർത്തനങ്ങളുടെ ഭാഗമായി നെല്ലിക്കുഴി കവലയെ ഹരിത ടൗണായി പ്രഖ്യാപിച്ചു. ടൗൺ വൃത്തിയാക്കിയും പൂച്ചെടികൾ വച്ച് പിടിപ്പിച്ചും അജൈവ മാലിന്യ നിക്ഷേപത്തിന് ബോട്ടിൽ ബൂത്ത് സ്ഥാപിച്ചുമാണ് പ്രഖ്യാപനം നടത്തിയത്.

നെല്ലിക്കുഴി ജംഗ്ഷനിൽ സംഘടിപ്പിച്ച ചടങ്ങിൽ ആന്റണി ജോൺ എം.എൽ.എയാണ് ഹരിത ടൗൺ പ്രഖ്യാപനം നടത്തിയത്. നെല്ലിക്കുഴി, ചെറുവട്ടൂർ, തൃക്കാരിയൂർ ടൗണുകൾ ഹരിത ടൗണുകളായി പ്രഖ്യാപിച്ചതോടെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സമ്പൂർണ ഹരിത ഗ്രാമപഞ്ചായത്തായി മാറി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ വിൽക്കുന്നതും വാങ്ങുന്നതും ഉപയോഗിക്കുന്നതും വലിച്ചെറിയുന്നതും മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി പൂർണമായി നിരോധിക്കും.

ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എം മജീദ്, വൈസ് പ്രസിഡന്റ് ശോഭ വിനയൻ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ എൻ.ബി ജമാൽ, ജില്ലാ പഞ്ചായത്ത് അംഗം റഷീദ സലീം, ബ്ലോക്ക് പഞ്ചായത്ത് അംഗം അനു വിജയനാഥ്, ഗ്രാമപഞ്ചായത്തംഗങ്ങളായ കെ.കെ നാസർ, ബീന ബാലചന്ദ്രൻ, സീന എൽദോസ്, ഷഹന അനസ്, ഷാഹിദ ഷംസുദ്ധീൻ, നൂർജാമോൾ ഷാജി, സുലൈഖ ഉമ്മർ, സെക്രട്ടറി ഇ.എം അസീസ്, അസി. സെക്രട്ടറി എം.ഷാജഹാൻ, എച്ച്.ഐ അഭിരാമി മനോജ്, സി.ഡി.എസ് ചെയർപേഴ്സൺ ഐഷ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, വ്യാപാരി വ്യവസായി സംഘടന പ്രതിനിധികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഹരിത കർമ്മസേന അംഗങ്ങൾ, നാട്ടുകാർ മഞ്ഞയൂർ പങ്കെടുത്തു.

# നെല്ല് സംഭരണത്തിനു വേഗത പോര

# പാടശേഖരങ്ങളിൽനിന്ന് നെല്ല് നീക്കുന്നില്ല; ആശങ്കയോടെ കർഷകർ

**ചങ്ങനാശേരി:** നെല്ല് സംഭരണത്തിനു വേഗത പോരാ, പാടശേഖരങ്ങളിൽനിന്ന് നെല്ല് നീങ്ങുന്നില്ല. വേനൽമഴയ്ക്ക് മാനത്ത് കാറുകൊള്ളുമ്പോൾ കർഷകർക്ക് നെഞ്ചിടിപ്പു കൂടുന്നു. ഈ സീസണിൽ ആദ്യം കൊയ്ത്തു തുടങ്ങിയ പാടശേഖരങ്ങളിലാണ് നെല്ല് സംഭരണത്തിന് വേഗത പോരെന്ന ആക്ഷേപം ഉയർന്നിരിക്കുന്നത്. യന്ത്രം കൊയ്തുകൂട്ടിയ ഏക്കറുകണക്കിനു പാടശേഖരങ്ങളിലെ നെല്ലാണ് കൂട്ടിയിട്ടിരിക്കുന്നത്.

വാഴപ്പള്ളി കൃഷിഭവൻ പരിധിയിലുള്ള മുളയ്ക്കാംതുരുത്തി പാറേക്കടവ്, തുണ്ടിക്കടവ് പാടശേഖരത്തിൽ കർഷകർക്കാണ് ഈ ദുരവസ്ഥ. ഈ രത്ര ഇഞ്ചൻതുരുത്ത് പാടശേഖരത്തിലെ നാല് കിൻറലോളം നെല്ലു മാത്രമേ മില്ലിലേക്കു കയറിപ്പോയിട്ടുള്ളു. ബാക്കി പാടത്ത് കൂടിക്കിടക്കുകയാണ്.

ഈർപ്പത്തിൻറെ പേരിൽ മില്ലുകാർ രണ്ടുമുതൽ പത്തുകിലോ വരെ കിഴിവ് ചോദിക്കുന്നതാണ് പ്രതിസന്ധിക്കു കാരണമെന്നാണ് വിവിധ പാടശേഖര സമിതി ഭാരവാഹികൾ ചൂണ്ടിക്കാട്ടുന്നത്.

എത്രയും വേഗം നെല്ല് സംഭരിക്കണമെന്നാവശ്യപ്പെട്ടു നെൽകർഷക സംരക്ഷണ സമിതി നെൽക്കൂനയ്ക്ക് മുമ്പിൽ സമരം നടത്തി.

സമര പരിപാടികൾ നെൽകർഷക സംരക്ഷണ സമിതി രക്ഷാധികാരി വി.ജെ. ലാലി ഉദ്ഘാടനം ചെയ്തു. പാടശേഖര സമിതി പ്രസിഡൻറ് ജോസുകുട്ടി വെള്ളേക്കളം അധ്യക്ഷത വഹിച്ചു.

സംസ്ഥാന പ്രസിഡൻറ് റജീന അഷറഫ്, വൈസ് പ്രസിഡൻറുമാരായ ജി. വേലായുധൻ, സന്തോഷ് പറമ്പിശേരി, പാപ്പച്ചൻ നേര്യംപറമ്പിൽ, മാത്യൂസ് കോട്ടയം, അഭിഷേക് ബിജു, പി.ടി. ജോസഫ് എന്നിവർ പ്രസംഗിച്ചു.

## ഗുരുദേവൻ ഗാന്ധി സമാഗമം : 12 ന് ശിവഗിരിയിലേക്ക് ഏകലോക സങ്കല്പ സന്ദേശയാത്ര

**ശിവഗിരി:** മഹാത്മാഗാന്ധി ശിവഗിരിയിൽ വന്നതിൻറെ ശതാബ്ദി പ്രമാണിച്ച് കൂടിക്കാഴ്ച നടന്ന ഗാന്ധി ആശ്രമത്തിൽ (വനജാക്ഷി മന്ദിരം) നിന്നും 12 ന് രാവിലെ 9.30 ന് ശിവഗിരിയിലേക്ക് ഏകലോക സങ്കൽപ്പസന്ദേശയാത്ര നടത്തും. ഗാന്ധിയും ഗുരുദേവനും തമ്മിൽ നടന്ന കൂടിക്കാഴ്ചയിൽ ഐത്തോച്ചാടനം, സഞ്ചാര സ്വാതന്ത്ര്യം, ക്ഷേത്രപ്രവേശനം, അധ:സ്ഥിതോദ്ധാരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടന്നിരുന്നു. ഗുരുദേവൻറെ ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന വിശ്വദർശനവും ചർച്ചാവിഷയമായി. സംഭാഷണം കഴിഞ്ഞ ഗുരുദേവൻ ഗാന്ധിയെ ഒരു ഫർലോങ്ങ് ദൂരമുള്ള ശിവഗിരിയിലേക്ക് ക്ഷണിച്ചു. ഭക്ഷണം സ്വീകരിച്ച് ഗുരുദേവനും ഗാന്ധിയും ശിവഗിരിയിലേക്ക് പ്രയാണം ചെയ്തു. ഗാന്ധിജിയോടൊപ്പം സി. രാജഗോപാലാചാരി, മഹാദേവ ദേശായി, ദേവദാസ് ഗാന്ധി, ഇ. വി രാമസ്വാമി നായ്ക്കർ തുടങ്ങിയവരും ഉണ്ടായിരുന്നു. ഗുരുദേവ ശിഷ്യരായ ബോധാനന്ദ സ്വാമി, സത്യവ്രതസ്വാമി, പൂർണാനന്ദ സ്വാമി, ടി കെ മാധവൻ, സഹോദരൻ അയ്യപ്പൻ, സി വി കുഞ്ഞിരാമൻ, എൻ. കുമാരൻ, പി.സി. ഗോവിന്ദൻ തുടങ്ങിയവരും ആയിരക്കണക്കിന് ഗുരുദേവ ശിഷ്യന്മാരും ഗാന്ധിജിയുടെ ആരാധകരും ശിവഗിരിയിലേക്കുള്ള യാത്രയിൽ പങ്കാളികളായി. അതിനെ സ്മരിച്ചുകൊണ്ട് ശിവഗിരി മഠത്തിലെ സന്യാസിവര്യൻമാരുടെയും ഗാന്ധിജിയുടെ ചെറുമകൻ തുഷാർഗാന്ധിയുടെയും പ്രസിദ്ധ ഗാന്ധിയന്മാരായ എം.പി മത്തായി, രാധാകൃഷ്ണൻ നായർ, വി.എം. സുധീരൻ, ജേക്കബ് വടക്കഞ്ചേരി, ബാബുരാജൻ ബഹറിൻ , അജി എസ്.ആർ.എം., പുനലൂർ സോമരാജൻ. ഗുരുധർമ്മ പ്രചരണസഭാ രജിസ്ട്രാർ കെ.ടി. സുകുമാരൻ, മാതൃസഭാ പ്രസിഡൻറ് ഡോ. അനിതാ ശങ്കർ തുടങ്ങിയവർ അനുസ്മരണയാത്ര നയിക്കും.

## പയർവർഗ വിള വ്യാപന പദ്ധതിക്ക് തുടക്കം

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് ജനകീയസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പയർ വർഗ വിള വ്യാപന പദ്ധതിയ്ക്ക് തുടക്കമായി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിച്ചു. വാരപ്പെട്ടി കണ്ണോത്ത് പടിയിലുള്ള എൽദോസ് മഞ്ചേപ്പിള്ളിൽ എന്ന കർഷകന്റെ പാടത്ത് വിത്ത് വിതച്ചുകൊണ്ടായിരുന്നു ഉദ്ഘാടനം.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 160 ഹെക്ടർ സ്ഥലത്തു മൂന്നാം വിളയായി പയർ വർഗ വിളകളുടെ ഉത്പാദനം വർധിപ്പിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പയർ, ഉഴുന്ന് എന്നിവ ആണ് കൃഷി ചെയ്യുന്നത്. കർഷകർക്ക് ആവശ്യമായ വിത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഭവനുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പോഷകാഹാര ലഭ്യത ഉറപ്പാക്കുന്നതോടൊപ്പം നെൽവയലുകളുടെ ഫലപുഷ്ടി മെച്ചപ്പെടുത്താനും ഇതുവഴി ഉദ്ദേശിക്കുന്നു.

ചടങ്ങിൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ ചന്ദ്രശേഖരനായർ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ റാണിക്കുട്ടി ജോർജ്, വാരപ്പെട്ടി പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ എം.എസ് ബെന്നി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നിസമോൾ ഇസ്മായിൽ, പഞ്ചായത്ത് മെമ്പർമാരായ കെ.കെ ഹുസൈൻ, ഷജി ബെസ്സി, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ഷേർളി സക്കറിയാസ്, ഡെപ്യൂട്ടി ഡയറക്ടർ വി.പി സിന്ധു, അസിസ്റ്റന്റ് ഡയറക്ടർ പ്രിയമോൾ തോമസ്, മറ്റു കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു.

## മാലിന്യമുക്ത നവകേരളം: ആലുവ മണപ്പുറത്ത് പ്രചാരണ സ്റ്റാൾ ആരംഭിച്ചു

**കൊച്ചി:** മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ആലുവ മണപ്പുറത്ത് വ്യാപാരമേളയോട് അനുബന്ധിച്ച് പ്രചാരണ സ്റ്റാൾ ആരംഭിച്ചു. ശിവരാത്രി മഹോത്സവുമായി ബന്ധപ്പെട്ട് ആരംഭിച്ച സ്റ്റാളിന്റെ ഉദ്ഘാടനം ആലുവ നഗരസഭ ചെയർമാൻ എം.ഒ ജോൺ നിർവഹിച്ചു.

കേരള ഖര മാലിന്യ പരിപാലന പദ്ധതി, ജില്ലാ ശുചിത്വ മിഷൻ, ആലുവ നഗരസഭ എന്നിവയുമായി സഹകരിച്ചാണ് സ്റ്റാൾ സ്ഥാപിച്ചിട്ടുള്ളത്. ഉറവിട ജൈവ സംസ്കരണ ഉപാധികളെ പരിചയപ്പെടുത്തിക്കൊണ്ട് വിവിധ മോഡലുകളുടെ മിനിയേച്ചറുകൾ സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.ഉറവിട മാലിന്യ സംസ്കരണത്തിന് ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നതിനൊപ്പം പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. മാലിന്യം തരം തിരിക്കുന്നത് സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി വിവിധ ഗെയിമുകളും സജ്ജീകരിച്ചിട്ടുണ്ട്. ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കും. മത്സരങ്ങളിൽ വിജയിക്കുന്ന ഒരാൾക്ക് നറുക്കെടുപ്പിലൂടെ സമ്മാനം നൽകും.പരിപാടിയിൽ ജില്ലാ ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ എസ് ലിജുമോൻ, കെ എസ് ഡബ്ലിയു എം പി സോഷ്യൽ എസ്പ്പെർട് എസ് വിനു, നഗരസഭ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ശുചിത്വ മിഷൻ, കെ.എസ്.ഡബ്ല്യു.എം.പി ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ലഹരിക്കെതിരെ അമ്മക്കൂട്ട് പദ്ധതിക്ക് തുടക്കം

**കൊച്ചി:** എറണാകുളംഅങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയയുടെ ആഭിമുഖ്യത്തിൽ വനിതാദിനാചരണത്തോടനുബന്ധിച്ച് ലഹരിക്കെതിരെ സഹൃദയ സംഘാംഗങ്ങളായ അമ്മമാരുടെ നേതൃത്വത്തിൽ കേരള പോലീസിന്റെ യോദ്ധാവ് പദ്ധതിയുമായി സഹകരിച്ച് നടപ്പാക്കുന്ന അമ്മക്കൂട്ട് പദ്ധതിക്ക് തുടക്കമായി. ദലീമ ജോജോ എം.എൽ.എ പദ്ധതി ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരായ പോരാട്ടത്തിൽ സർക്കാർ സംവിധാനങ്ങളോട് സഹകരിച്ചു പ്രവർത്തിക്കാൻ അമ്മമാർ തയ്യാറാകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ദലീമ പറഞ്ഞു.വളർച്ചയുടെ കാലഘട്ടത്തിൽ മക്കൾക്കു നൽകുന്ന കരുതലും പരിശീലനവും മക്കൾ വഴിതെറ്റിപ്പോകാതിരിക്കാനുള്ള മുൻകരുതലുകളായി മാറുമെന്നും അവർ കൂട്ടിച്ചേർത്തു. പൊന്നുരുന്നി കർദിനാൾ പാറേക്കാട്ടിൽ ഹാളിൽ ചേർന്ന വനിതാസംഗമത്തിൽ എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ കെ എസ് സിനി അധ്യക്ഷത വഹിച്ചു. മുതിർന്ന മാധ്യമപ്രവർത്തക കെ. കെ. ഷാഹിന വനിതാദിന സന്ദേശം നൽകി. മനോമിത്രം കൗൺസിലിംഗ് സെന്ററിന്റെ ഉദ്ഘാടനം സിനിമ, സീരിയൽ താരം പൗളി വത്സൻ നിർവഹിച്ചു.

സംരംഭങ്ങൾക്കുള്ള വായ്പാവിതരണ പദ്ധതി ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷേർളി സക്കറിയാസ് ഉദ്ഘാടനം ചെയ്തു. മികച്ച സംരംഭകർക്കുള്ള അവാർഡുകൾ കെ.എസ് സിനിയും മികച്ച വനിതാ കർഷകർക്കുള്ള അവാർഡുകൾ ഷേർളി സക്കറിയാസും മികച്ച ആനിമേറ്റർമാർക്കുള്ള അവാർഡുകൾ പൗളി വൽസനും വിതരണം ചെയ്തു. സംസ്ഥാന സർക്കാരിന്റെ കർഷകതിലകം പുരസ്കാരം നേടിയ കുമാരി എയ്സൽ കൊച്ചുമോനെ യോഗത്തിൽ ആദരിച്ചു. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, നബാർഡ് ജില്ലാ ഡവലപ്മെന്റ് മാനേജർ അജീഷ് ബാലു, സ്നേഹ എം. നായർ, സഹൃദയ ജനറൽ മാനേജർ പാപ്പച്ചൻ തെക്കേക്കര, അസി. ജനറൽ മാനേജർ സുനിൽ സെബാസ്റ്റ്യൻ, റീജണൽ കോർഡിനേറ്റർ റാണി ചാക്കോ എന്നിവർ സംസാരിച്ചു. ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസിന് സബ് ഇൻസ്പെക്ടർ ബാബു ജോൺ നേതൃത്വം നൽകി. കളമശേരി രാജഗിരി കോളേജിലെ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾ ലഹരിവിരുദ്ധ സന്ദേശവുമായി തെരുവുനാടകം അവതരിപ്പിച്ചു.

# പരിസരം മാത്രമല്ല മനസ്സും ശുദ്ധീകരിക്കണം: പ്രൊഫ. എം. കെ സാനു

**കൊച്ചി:**പരിസരവും റോഡും മാത്രമല്ല, നമ്മുടെ ഹൃദയം കൂടി ശുചീകരിക്കണമെന്ന് പ്രൊഫ. എം. കെ.സാനു അഭിപ്രായപ്പെട്ടു. കൊച്ചി മുനിസിപ്പൽ കോർപറേഷൻ , ഹരിത കേരളം മിഷൻ, ചാവറ കൾച്ചറൽ സെന്റർ, കാരിക്കാമുറി റെസിഡൻസ് അസോസിയേഷൻ, കുടുംബശ്രീ, ജനമൈത്രി പോലീസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാലിന്യമുക്ത നവ കേരളം ശുചീകരണയത്നവും ശുചിത്വ പദയാത്രയും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാലിന്യമുക്ത കേരളത്തിന് എല്ലാവരും അവരവരുടെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. സാനു മാസ്റ്ററുടെ വസതിയിൽ നിന്നും ആരംഭിച്ച പദയാത്ര കരിയർ സ്റ്റേഷൻ റോഡ് വഴി സൗത്ത് മെട്രോ സ്റ്റേഷന് സമീപം സമാപിച്ചു.

കൊച്ചി കോർപ്പറേഷൻ കൗൺസിലർ പത്മജ എസ് മേനോൻ അധ്യക്ഷത വഹിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി എം ഐ, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എറണാകുളം ജില്ലാ പ്രസിഡണ്ട് ഡി. ബി. ബിനു, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പി. എസ്. ഷിബു, ഹെൽത്ത് ഓഫീസർ ഡോക്ടർ ആർ എസ് ഗോപകുമാർ, കെ. വി. പി. കൃഷ്ണകുമാർ, കാരിക്കാമുറി റസിഡൻസ് അസോസിയേഷൻ പ്രസിഡണ്ട് പി.എ സദാശിവൻ, ഹരിത മിഷൻ കൊച്ചി കോർപ്പറേഷൻ റിസോർസ് പേഴ്സൺ നിസ.എ, സി. ഡി. അനിൽകുമാർ, ഹെൽത്ത് ഇൻസ്പെക്ടർ സൂര്യ മോൾ എം. സി., റിസോർസ് പേഴ്സൺ അന്ന വലൻഡിന എന്നിവർ പ്രസംഗിച്ചു.

സെന്റ് തെരേസാസ് കോളേജ്, സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം ലോ കോളേജ്, ചാവറ ഇൻസ്റ്റിറ്റ്യൂട്ട്, സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കരിത്തല എന്നിവിടങ്ങളിൽ നിന്ന് വിദ്യാർഥികളും അധ്യാപകരും, തൊഴിലാളി സംഘടന പ്രതിനിധികളും പങ്കെടുത്തു.

# അന്താരാഷ്ട്ര വനദിനം: സൈക്ലത്തോണുമായി വനം വകുപ്പ്

**കൊച്ചി:** അന്താരാഷ്ട്ര വന ദിനത്തോടനുബന്ധിച്ച് സൈക്ലത്തോണുമായി വനം വകുപ്പ്. മലയാറ്റൂർ ഡിവിഷന്റെ ആഭിമുഖ്യത്തിലാണ് വന ദിനമായ മാർച്ച് 21ന് 40 കിലോമീറ്റർ ദൈർഘ്യമുള്ള സൈക്ലത്തോൺ സംഘടിപ്പിക്കുന്നത്.രാവിലെ 5.45ന് മൂവാറ്റുപുഴയിൽ നിന്ന് ആരംഭിക്കുന്ന സൈക്ലത്തോൺ പെരുമ്പാവൂർ, കാലടി, നീലീശ്വരം എന്നിവിടങ്ങൾ കടന്ന് നക്ഷത്ര തടാകത്തിന് സമീപത്താണ് അവസാനിക്കുക. പ്രമുഖ മണി എക്സ്ചേഞ്ച് ഗ്രൂപ്പായ യൂണിമണിയുമായി സഹകരിച്ചാണ് സൈക്ലത്തോൺ സംഘടിപ്പിക്കുന്നത്. മൂവാറ്റുപുഴ സൈക്കിൾ ക്ലബ്, കാലടി നേച്ചർ സ്റ്റഡി സെന്റർ എന്നിവരും പരിപാടിയുടെ ഭാഗമാണ്.

വനത്തേയും വന്യജീവികളെകുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2013 മുതലാണ് ഐക്യരാഷ്ട്ര സഭ മാർച്ച് 21 അന്താരാഷ്ട്ര വന ദിനമായി ആചരിക്കാൻ തുടങ്ങിയത്. കാടും ആഹാരവും' എന്നതാണ് ഈ വർഷത്തെ പ്രമേയം. നമ്മൾ ജീവിക്കുന്ന പരിസ്ഥിതിയേ കുറിച്ചും അതിൽ വനങ്ങളുടെ പ്രാധാന്യം എത്രത്തോളമാണെന്നും മനസിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രകൃതി രമണീയമായ റൂട്ട് തന്നെ സൈക്ലത്തോണിനായി തിരഞ്ഞെടുത്തത്.

സൈക്ലത്തോണിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഫോൺ: 8075687769, 9995228317, 9048481675, 9400059926

# കെസിഎഫിന് പുതിയ നേതൃത്വം: അനിൽ ജോൺ ഫ്രാൻസിസ് പ്രസിഡന്റ് വി.സി. ജോർജ്ജ്കുട്ടി സെക്രട്ടറി





അനിൽ ജോൺ ഫ്രാൻസിസ്, വി.സി. ജോർജ്കുട്ടി

**കൊച്ചി:** കേരള കത്തോലിക്കാസഭയുടെ പൊതു അൽമായ പ്രസ്ഥാനമായ കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റായി കൊല്ലം രൂപതാംഗവും കെ.എൽ.സി.എ. സമിതിയംഗവുമായ അനിൽ ജോൺ ഫ്രാൻസിസും ജനറൽ സെക്രട്ടറിയായി മൂവാറ്റുപുഴ രൂപതാംഗവും എം.സി.എ. സഭാതല മുൻ ജനറൽ സെക്രട്ടറിയുമായിരുന്ന വി.സി. ജോർജ്കുട്ടിയും ട്രഷററായി തൃശ്ശൂർ അതിരൂപതാംഗവും പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറിയുമായിരുന്ന അഡ്വ. ബിജു കുണ്ടുകുളവും തെരഞ്ഞെടുക്കപ്പെട്ടു.

കേരള കത്തോലിക്കാസഭയുടെ അൽമായ പ്രസ്ഥാനങ്ങളായ കത്തോലിക്കാ കോൺഗ്രസ്സ്, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെ.എൽ.സി.എ.), മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ). എന്നീ സംഘടനകളുടെ സംയുക്ത വേദിയായ കേരള കാത്തലിക് ഫെഡറേഷൻ കെസിബിസിയുടെ ഔദ്യോഗിക അൽമായ പ്രസ്ഥാനമാണ്.

പിഒസിയിൽ നടന്ന വാർഷിക ജനറൽ കൗൺസിൽ യോഗം അൽമായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. കേരള കാത്തലിക് ഫെഡറേഷൻ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വൈസ് പ്രസിഡന്റുമാരായി ജെയ്മോൻ തോട്ടുപുറം (എറണാകുളം), ധർമ്മരാജ് പിൻകുളം (പാറശാല), സിന്ധു ജസ്റ്റസ് (കൊച്ചി), സെക്രട്ടറിമാരായി എബി കുന്നേപറമ്പിൽ (വിജയപുരം), ടെസ്സി ബിജു (കാഞ്ഞിരപ്പിള്ളി), ജസ്സി അലക്സ് (തിരുവല്ല) എന്നിവരെ തെരഞ്ഞെടുത്തു.

# അപകട ഇൻഷുറൻസ് ഒറ്റത്തവണ പ്രിമിയം പദ്ധതി ആരംഭിച്ചു

**കൊച്ചി:** മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ മത്സ്യത്തൊഴിലാളികൾക്കായി അപകട ഇൻഷുറൻസ് ഒറ്റത്തവണ പ്രിമിയം പദ്ധതി 202526 ആരംഭിച്ചു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള 18 നും 70 നും ഇടയിൽ പ്രായമുള്ള മത്സ്യതൊഴിലാളികൾക്കും സ്വയം സഹായ ഗ്രൂപ്പുകളിലെ അംഗങ്ങൾക്കും സംഘം ജീവനക്കാർക്കും സംഘം ഭരണസമിതി അംഗങ്ങൾക്കും ഒറ്റത്തവണ പ്രീമിയം തുകയായ 509 രൂപ അടച്ച് പദ്ധതിയിൽ ചേരാം. ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുവാനും കൂടുതൽ വിവരങ്ങൾക്കുംഅടുത്തുള്ള മത്സ്യഫെഡ് ക്ലസ്റ്റർ ഓഫിസിലോ, മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലോ ബന്ധപ്പെടുക. അവസാന തീയതി മാർച്ച്25.

# ക്രഷ് വർക്കർ/ഹെൽപ്പർ; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലയിലെ വാഴക്കുളം ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസ് പരിധിയിലെ, കിഴക്കമ്പലം പഞ്ചായത്തിൽ 70 വാർഡിലെ 106ാം നമ്പർ അങ്കണവാടി കം ക്രഷ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്രഷ് വർക്കർ/ഹെൽപ്പർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. കിഴക്കമ്പലം പഞ്ചായത്തിലെ ഏഴാം വാർഡിൽ സ്ഥിര താമസക്കാരും സേവന തൽപ്പരരും, മതിയായ ശാരീരിക ക്ഷമതയുള്ളവർക്കുംനിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കാം.2025 ന് ജനുവരി ഒന്നിന് 18 വയസ് പൂർത്തിയായവരും 35 വയസ് പൂർത്തിയാകാത്തവരുമായ വനിതകൾക്കാണ് അവസരം .

106ാം നമ്പർ അങ്കണവാടി സ്ഥിതി ചെയ്യുന്ന ഏഴാം വാർഡിലെ സ്ഥിര താമസക്കാരിൽ യോഗ്യരായ അപേക്ഷകർ ഇല്ലാത്ത പക്ഷം തൊട്ടടുത്ത വാർഡുകളിൽ നിന്നുള്ള അപേക്ഷകരെ നിയമനത്തിനായി പരിഗണിക്കും. ഭിന്നശേഷിക്കാർ അപേക്ഷിക്കേണ്ടതില്ല.

വർക്കർ തസ്തികയിൽ അപേക്ഷിക്കുന്ന അപേക്ഷകർ പ്ലസ് ടു പാസായിരിക്കണം. ഹെൽപ്പർ തസ്തികയിലേക്ക് അപേക്ഷിക്കുന്ന അപേക്ഷകർ 10ാം ക്ലാസ് പാസായിരിക്കണം. ക്രഷ് വർക്കർക്ക് പ്രതിമാസ ഹോണറേറിയം 5500 രൂപയും ക്രഷ് ഹെൽപ്പർക്ക് ഹോണറേറിയമായി 3000 രൂപയും ആണ് അനുവദിക്കുന്നത്. പ്രവർത്തന സമയം രാവിലെ 7.30 മുതൽ വൈകിട്ട് ഏഴു വരെ ഷിഫ്റ്റ് അടിസ്ഥാനത്തിലായിരിക്കും.

പൂരിപ്പിച്ച അപേക്ഷകൾ മാർച്ച് 20 വൈകിട്ട് അഞ്ചു വരെ വാഴക്കുളം ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന വാഴക്കുളം ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസിൽ സ്വീകരിക്കും. അപേക്ഷകയുടെ മാതൃക വാഴക്കുളം ഐ സി ഡി എസ് ഓഫീസ്, കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ ലഭിക്കുന്നതാണ്.




മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ & സി.ഒ.ഒ കെ.ആർ. ബിജിമോൻ, എറണാകുളം ജില്ലാ കലക്ടർ എൻ. എസ്. കെ. ഉമേഷ് ഐഎഎസ്, മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ്, എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. ഡോ. കുഞ്ചറിയ പി. ഐസക്ക്, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻറ് സയൻസ് പ്രിൻസിപ്പൽ ഡോ. നീലകണ്ഠൻ പി.സി എന്നിവർ മുത്തൂറ്റ് ഫിനാൻസ് ഫിൻക്ലൂഷൻ ചലഞ്ച് 2025 വിജയികളോടൊപ്പം

# മുത്തൂറ്റ് ഫിനാൻസ് ഫിൻക്ലൂഷൻ ചലഞ്ച് 2025 വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ സ്വർണ്ണ വായ്പാ എൻബിഎഫ്സിയായ മുത്തൂറ്റ് ഫിനാൻസ് ഫിൻക്ലൂഷൻ ചലഞ്ച് 2025 വിജയികളെ പ്രഖ്യാപിച്ചു. ഇന്ത്യയിലുടനീളമുള്ള 5,700ലധികം ടീമുകൾ പങ്കെടുത്ത ഈ ചലഞ്ചിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. മാനേജ്മെൻറ് ഡെവലപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (എംഡിഐ) ഗുരുഗ്രാം, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് (ഐഐഎം) ലക്നൗ, ബിഐടിഎസ് പിലാനി ഗോവ ടീമുകളെ മികച്ച വിജയികളായി പ്രഖ്യാപിച്ചു.

ഈ വർഷത്തെ വിജയികളായ ടീം മാനേജ്മെൻറ് ഡെവലപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് (എംഡിഐ) ഗുരുഗ്രാം 5,00,000 രൂപയുടെ ഒന്നാം സമ്മാനം നേടി. റണ്ണർ അപ്പ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് (ഐഐഎം) ലക്നൗ 3,00,000 രൂപയുടെ രണ്ടാം സമ്മാനം നേടി. ബിഐടിഎസ് പിലാനി ഗോവ മൂന്നാം സ്ഥാനം നേടി.

ഒന്നിലധികമുള്ള മൂല്യനിർണ്ണയ റൗണ്ടുകൾക്ക് ശേഷം ഐഐഎഫ്ടി ഡൽഹി, ഐഐടി റൂർക്കി, പട്ന, ഐഐഎം ലഖ്നൗ, എംഡിഐ ഗുരുഗ്രാം, ബിഐടിഎസ് പിലാനി, ഗോവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ്, ഡൽഹി സർവകലാശാല തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള മികച്ച 10 ടീമുകളാണ് ഗ്രാൻഡ് ഫിനാലയിലെത്തിയത്. ഇന്ത്യയുടെ സാമ്പത്തിക രംഗത്തെ പൂർണ്ണമായും മാറ്റിമറിക്കാൻ കഴിയുന്ന ശ്രദ്ധേയമായ ആശയങ്ങൾ ഫൈനലിസ്റ്റുകൾ അവതരിപ്പിച്ചു.

വിജയിച്ച ടീമുകൾ സാമ്പത്തിക മേഖലയിലെ യാഥാർത്ഥ്യ മാറ്റങ്ങൾക്ക് ഉതകുന്ന പുരോഗമനപരമായ ആശയങ്ങൾ അവതരിപ്പിച്ചു. സാമ്പത്തിക ഉൾക്കൊള്ളലിനും സാങ്കേതിക പുരോഗതിയിലേക്കുള്ള മുത്തൂറ്റ് ഫിനാൻസിൻറെ കാഴ്ചപ്പാടുമായി ഒത്തുപോകുന്നതാണ് ഈ ആശയങ്ങൾ.

മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻറ് സയൻസ് പ്രിൻസിപ്പൽ ഡോ. നീലകണ്ഠൻ പി.സി സമാപന സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. എറണാകുളം ജില്ലാ കലക്ടർ എൻ. എസ്. കെ. ഉമേഷ് ഐഎഎസ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ & സി.ഒ.ഒ കെ.ആർ. ബിജിമോൻ, എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. ഡോ. കുഞ്ചറിയ പി. ഐസക്ക്, ടിസിഎസ് സ്ട്രാറ്റജിക് ഇനിഷ്യേറ്റീവ്സ് ഹെഡ് സുജാതാ മാധവ് ചന്ദ്രൻ, ക്ലേസിസ് ഗ്രൂപ്പ് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർ വിനോദ് തരകൻ, മില്ലിയാർഡ് റേവ്സ് അഡ്വൈസറി മാനേജിംഗ് പാർട്ണർ മനോജ് വർഗീസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ജനങ്ങളുടെ ജീവിതത്തിൽ യഥാർത്ഥ മാറ്റം സൃഷ്ടിക്കാൻ കഴിയുന്ന സാമ്പത്തിക ഉൾപ്പെടുത്തിനുള്ള പരിഹാരങ്ങളിൽ ശ്രദ്ധയർപ്പിക്കുന്ന യുവ പ്രതിഭകളെ കാണുന്നത് പ്രചോദനകരമാണ്. വിടവ് നികത്തുന്നതിനും കൂടുതൽ ലഭ്യമായ ഒരു സാമ്പത്തിക രംഗത്തിനായുള്ള സാധ്യതകൾ സൃഷ്ടിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഫിൻക്ലൂഷൻ ചലഞ്ച്. പ്രതിഭാധനരായ വിദ്യാർത്ഥികൾക്ക് അവരുടെ സർഗ്ഗാത്മകതയും പ്രശ്നപരിഹാര കഴിവുകളും അവതരിപ്പിക്കാൻ കഴിയുന്ന ഒരു വേദി ഒരുക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നുവെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.

ഇന്ന് നമ്മൾ കണ്ടത് സാമ്പത്തിക മേഖലയുടെ ഭാവിയാണ്. ഈ വിദ്യാർത്ഥികൾ ആശയങ്ങൾ മാത്രമല്ല നിർണായക സാമ്പത്തിക വിടവുകൾ നികത്താൻ കഴിയുന്ന പരിഹാരങ്ങളും വിഭാവനം ചെയ്തു കഴിഞ്ഞു. അവരുടെ പങ്കാളിത്തവും സമർപ്പണവും ഇന്ത്യയിലെ സാമ്പത്തിക മേഖലയിലെ ഭാവി ഉൾക്കൊള്ളലും നവീകരണവുമായിരിക്കും എന്ന തങ്ങളുടെ വിശ്വാസത്തെ വീണ്ടും ഉറപ്പിക്കുന്നു. ഈ ആശയങ്ങൾ യാഥാർത്ഥ്യമാകുന്നത് കാണാനും തങ്ങൾ കാത്തിരിക്കുന്നു. അടുത്ത തലമുറയിൽ ഫിൻടെകിനെ നയിക്കാനുള്ളവരെ ശാക്തീകരിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയെ ശക്തിപ്പെടുത്തിക്കൊണ്ട് മുത്തൂറ്റ് ഫിനാൻസ് യുവ പ്രതിഭകളെ വളർത്തിയെടുക്കുന്നത് തുടരുമെന്ന് മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ്ജ് മുത്തൂറ്റ് ജോർജ് പറഞ്ഞു.

# പാലിയേക്കര ടോൾ പ്ലാസയെ സംബന്ധിച്ച ആരോപണങ്ങൾ നിഷേധിച്ച് ജിഐപിഎൽ

**കൊച്ചി:** പാലിയേക്കര ടോൾ പ്ലാസ 2012 മുതൽ കൈകാര്യം ചെയ്യുന്ന ഗുരുവായൂർ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് (ജിഐപിഎൽ)നെ സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങൾ കമ്പനി നിഷേധിച്ചു.

കെ.എസ്.ആർ.ടി.സിയുടെ ആരോപണങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾക്ക് വിരുദ്ധമായി, എൻ.എച്ച്.എ.ഐ. യുമായുള്ള കൺസെഷൻ കരാർ പ്രകാരം ജി.ഐ.പി.എല്ലിന് നിയമപരമായ കുടിശ്ശികകൾ തുടർച്ചയായി നിഷേധിക്കപ്പെട്ടിട്ടുണ്ടെന്ന് ജി.ഐ.പി.എൽ വ്യക്തമാക്കി.

എൻ.എച്ച്.എ.ഐ.യുമായുള്ള കരാർ പ്രകാരം ജിഐപിഎല്ലിന് അംഗീകൃതനിരക്കിൽ ടോൾ പിരിക്കാം. ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ അനുകൂല കോടതി ഉത്തരവുകളുമുണ്ട്.

കെ.എസ്.ആർ.ടി.സി. പണമടയ്ക്കാത്തതിന് നഷ്ടപരിഹാരം തേടാനുള്ള അവകാശം കോടതി ശരിവച്ചിട്ടുള്ളതാണ്. എങ്കിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതെ ജി.ഐ.പി.എൽ കെ.എസ്.ആർ.ടി.സിയുമായി സഹകരിച്ചുവരികയാണ്.

ഫാസ്ടാഗ് നടപ്പിലാക്കിയതിനു ശേഷം മാത്രമാണ്കെ.എസ്.ആർ.ടി.സി രണ്ടുവർഷമയി പണമടയ്ക്കൽ ആരംഭിച്ചത്.

വാർത്തകളിൽ പരാമർശിച്ചിരിക്കുന്ന എല്ലാ തർക്കങ്ങളും നിലവിൽ മധ്യസ്ഥതയിലുള്ള കരാർ കാര്യങ്ങളാണ്. കൺസെഷൻ കരാറിന് കീഴിലുള്ള ബാധ്യതകൾ ജിഐപിഎൽ കർശനമായി പാലിച്ചിട്ടുണ്ട്.

കൂടാതെ നിർമ്മാണ ഉത്തരവുകൾക്ക് മുമ്പുള്ള ടോൾ പിരിവ് സമയക്രമങ്ങളെക്കുറിച്ചുള്ള ഊഹാപോഹങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നതും കരാർ വ്യവസ്ഥകളെ തെറ്റായി വ്യാഖ്യാനിക്കുന്നതുമാണെന്ന് ജിഐപിഎൽ ഹോൾടൈം ഡയറക്ടർ വിശാൽ അറോറ പറഞ്ഞു.

# ആരോഗ്യപരിരക്ഷാ പദ്ധതികളുമായി ദവാഇന്ത്യ

**കൊച്ചി:** ജനറിക് മരുന്നുകളുടെ ഇന്ത്യയിലെ പ്രമുഖ റീട്ടെയിൽ ശൃംഖലയായ ദവാഇന്ത്യ കേരളത്തിനായുള്ള ആരോഗ്യരക്ഷാ പദ്ധതികൾ പ്രഖ്യാപിച്ചു. കേരളത്തിൽ ഇതിനകം 50ലധികം സ്റ്റോറുകളുള്ള ദവാഇന്ത്യ ഉയർന്ന ഗുണനിലവാരമുള്ള മരുന്നുകൾ വിലക്കുറവിൽ വീടുകളിൽ നേരിട്ടെത്തിക്കാനുള്ള പദ്ധതിയടക്കം ആരോഗ്യപരിരക്ഷാ സേവനങ്ങൾ വിപുലീകരിക്കാനൊരുങ്ങുകയാണെന്ന് സോട്ടാ ഹെൽത്ത് കെയർ ഗ്രൂപ്പ് സിഇഒ ഡോ. സുജിത് പോൾ പറഞ്ഞു. ബ്രാൻഡഡ് മരുന്നുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്ന നിലവാരമുള്ള ജനറിക് മരുന്നുകൾ മിതമായ നിരക്കിൽ വാഗ്ദാനം ചെയ്യുന്നതിലൂടെ കേരളത്തിലുടനീളമുള്ള കുടുംബങ്ങളുടെ ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട സാമ്പത്തിക ഭാരം കുറയ്ക്കാനാണ് ദവാഇന്ത്യ ലക്ഷ്യമിടുന്നത്. കൊച്ചി, തിരുവനന്തപുരം, തൃശ്ശൂർ എന്നിവിടങ്ങളിലടക്കം 50ലധികം സ്റ്റോറുകളുള്ള ദവാഇന്ത്യ ടയർ 2, ഗ്രാമീണ മേഖലകളിലേക്ക് സേവനം വ്യാപിപ്പിക്കാനൊരുങ്ങുന്നതിന്റെ ഭാഗമായാണ് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# എസ്ഐബി എംപ്ലോയീസ് അസോ. വനിതാ ദിനാഘോഷം നടത്തി

**മൂവാറ്റുപുഴ:** സൗത്ത് ഇന്ത്യൻ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻറെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമല കോളജിൽ വനിതാദിനം ആഘോഷിച്ചു. മാത്യു കുഴൽനാടൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡൻറ് സജോ ജോസ് തേരാട്ടിൽ അധ്യക്ഷത വഹിച്ചു.

മൂവാറ്റുപുഴ ട്രാഫിക് എസ്എച്ച്ഒ കെ.പി. സിദ്ദിക് സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.എൻ. അൻസിൽ ബാങ്ക് ജീവനക്കാർ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി.വൈസ് പ്രസിഡൻറ് മാലിനി സ്വാഗതവും മേഖലാ സെക്രട്ടറി അപർണ നന്ദിയും പറഞ്ഞു.

വനിതാ കൗൺസിൽ മെമ്പർമാരായ ആർ. രഷ്മി, നീതു വിൽസൻ, സ്റ്റെഫി ഡൊമിനിക്, കാവ്യ ആർ. രാധ എന്നിവർ ആശംസ നേർന്നു. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ജീവനക്കാർ പങ്കെടുത്തു.

# ഫെമി സെയ്ഫിന് സീഡ് ഫണ്ടിംഗിലൂടെ മൂന്നു കോടി

**കൊച്ചി:** കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭമായ ഫെമിസെയ്ഫിന് മൂന്നു കോടിയുടെ സീഡ് ഫണ്ടിംഗ്.

സ്റ്റാർട്ടപ്പ് നിക്ഷേപകനും ജെയിൻ യൂണിവേഴ്സിറ്റി ഡയറക്ടറുമായ ഡോ. ടോം എം.ജോസഫ് നേതൃത്വം നൽകിയ സീഡ് ഫണ്ടിംഗ് റൗണ്ടിലാണ് ഫെമിസെയ്ഫ് നിക്ഷേപം കരസ്ഥമാക്കിയത്.

റൗണ്ടിൽ കേരള ഏഞ്ചൽ നെറ്റ്വർക്ക്, ജെസ് (ലൂണാർ ഫാമിലി ഓഫീസ്), ബിയോണ്ട്ടെക് വെഞ്ചേഴ്സ് (ഒമാൻ), മുസ്തഫ കൂരി (ബ്ലാക്ക് പെപ്പർ ഹോൾഡിംഗ്സ്) എന്നീ നിക്ഷേപകരും പങ്കെടുത്തു.

വനിതാക്ഷേമത്തിനും ശുചിത്വത്തിനും മുൻതൂക്കം നൽകുന്ന ഫെമിസെയ്ഫ് നസീഫ് നാസർ, നൗറീൻ ഐഷ എന്നിവർ ചേർന്നാണ് ആരംഭിച്ചത്.

# ഇലക്ട്രിക് പാസഞ്ചർ വാഹനങ്ങളുടെ വില്പന ഉയർന്നു

**മുംബൈ:** ഫെബ്രുവരിയിൽ ഇലക്ട്രിക് പാസഞ്ചർ വാഹനങ്ങളുടെ (ഇവി) റീട്ടെയ്ൽ വിൽപ്പന ഫെബ്രുവരിയിൽ ഉയർന്നു.

വിൽപ്പനയിൽ 18.95 ശതമാനം വർധനയുമായി 8,968 യൂണിറ്റുകളുടെ വിൽപ്പനയാണ് നടന്നത്. ഈ വിഭാഗത്തിൽ ടാറ്റ മോട്ടോഴ്സാണ് ഒന്നാമത്. കഴിഞ്ഞ വർഷം ഇതേ മാസം 7,539 യൂണിറ്റ് പാസഞ്ചർ വാഹനങ്ങളുടെ വിൽപ്പനയാണ് നടന്നത്. എന്നാൽ, ജനുവരിയിൽ 11,266 യൂണിറ്റുകളാണ് വിറ്റത്. ഫെഡറേഷൻ ഓഫ് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻ (ഫാഡ) കണക്കുകൾ പുറത്തുവിട്ടത്.ടാറ്റയുടെ 3,825 എണ്ണവും എംജി മോട്ടർ ഇന്ത്യയുടെ 3,270 യൂണിറ്റുകളുമാണ് വിറ്റത്.

ഇരുചക്ര വാഹനങ്ങളുടെ വിൽപ്പന 8.05 ശതമാനത്തിൻറെ കുറവിൽ 76,086 യൂണിറ്റുകളായി. 2024 ഫെബ്രുവരിയിൽ 82,745 യൂണിറ്റുകളുടെ വിൽപ്പന നടന്നു. കഴിഞ്ഞ മാസം ബജാജ് ഓട്ടോയുടെ 21,389 യൂണിറ്റുകൾ വിറ്റു.

വിൽപ്പനയിൽ കുറവുണ്ടായെങ്കിലും 5.6 ശതമാനം വിപണി വിഹിതം നിലനിർത്താനായി. മുച്ചക്ര വാഹനങ്ങളുടെ വിൽപ്പന 2024 ഫെബ്രുവരിയിലേക്കാൾ ഈ ഫെബ്രുവരിയിൽ 4.9 ശതമാനം ഉയർന്ന് 53,116 യൂണിറ്റായി. എന്നാലിത് ജനുവരിയെ വിൽപ്പനയെക്കാൾ കുറവാണ്. ഇവി കൊമേഴ്സ്യൽ വാഹനങ്ങളുടെ വിൽപ്പന ജനുവരിയെക്കാൾ ഫെബ്രുവരിയിൽ ഉയർന്നു.



# ലോകത്തിന് ആവശ്യം സുസ്ഥിര വികസനം; മന്ത്രി പി പ്രസാദ്

## ത്രിദിന അന്താരാഷ്ട്ര ഉച്ചകോടി അമൃതയിൽ സമാപിച്ചു

**കൊച്ചി:** ലോകത്ത് വികസനം സുസ്ഥിരമാകണമെങ്കിൽ അത് പരിസ്ഥിതി സൗഹാർദപരമായിരിക്കണമെന്ന് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. അമൃതയിൽ നടന്നുവന്ന ത്രിദിന അന്താരാഷ്ട്ര ഉച്ചകോടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.നമാമി ഗംഗ പദ്ധതിക്ക് മാതാ അമൃതാനന്ദമയി ദേവി നൂറുകോടി രൂപ സഹായം നൽകിയത് നദികളുടെ വീണ്ടെടുപ്പ് എത്രമാത്രം പ്രാധാന്യമർഹിക്കുന്നുവെന്ന കാഴ്ചപ്പാടിന്റെ പ്രതിഫലനമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. പരിസ്ഥിതി നന്നാവാൻ മനസ്ഥിതി നന്നാവണമെന്ന മാതാ അമൃതാനനന്ദമയിയുടെ വാക്കുകൾ ആവർത്തിച്ച അദ്ദേഹം ഇന്നിന്റെ ആവശ്യങ്ങൾക്കായി നാളെയുടെ പരിസ്ഥിതിയെ ഇല്ലായ്മ ചെയ്യരുതെന്നും ഓർമിപ്പിച്ചു. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി, മാതൃഭൂമി പിആർ വൈസ് പ്രസിഡന്റ് പി. വി. മിനി, മണ്ണുത്തി കേരള കാർഷിക സർവകലാശാല പ്രൊഫസറും അസിസ്റ്റന്റ് ഡയറക്ടർ ഓഫ് എക്സ്റ്റൻഷനുമായ ഡോ. ശ്രീവൽസൻ ജെ. മേനോൻ, അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് ഡയറക്ടറും ഡീനുമായ ഡോ. യു കൃഷ്ണകുമാർ. അമൃത സ്കൂൾ ഓഫ് ആയുർവേദയിലെ സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ ആയുർവേദ ഡയറക്ടർ ഡോ. പി. റാം മനോഹർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പരിസ്ഥിതി സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന മുദ്രാവാക്യം സമൂഹത്തിന് മുൻപിൽ വെച്ചാണ് അന്താരാഷ്ട്ര ഉച്ചകോടിക്ക് അമൃതയിൽ തിരശീല വീണത്. പരിസ്ഥിതി നാശോന്മുഖമാക്കുന്ന വികസന പദ്ധതികൾക്ക് ബദൽ, പരിസ്ഥിതി സൗഹൃദ വികസന പദ്ധതികൾ തന്നെയെന്ന് മൂന്ന് ദിവസം നീണ്ടുനിന്ന ഉച്ചകോടി സാക്ഷ്യപ്പെടുത്തി.

## ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ മാർച്ച് 24, 25 തീയതികളിൽ പണിമുടക്കും

**കൊച്ചി;** ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ മാർച്ച് 24, 25 തീയതികളിൽ നടത്തുന്ന 48 മണിക്കൂർ അഖിലേന്ത്യ പണിമുടക്കിൽ രാജ്യത്തെ പൊതുമേഖല, സ്വകാര്യ മേഖല, ഗ്രാമീണ, സഹകരണ ബാങ്കുകളിലെ ഓഫീസർമാർ പങ്കെടുക്കുമെന്ന് ഓൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ ദേശീയ ജനറൽ സെക്രട്ടറി എസ് നാഗരാജൻ, സംസ്ഥാന പ്രസിഡന്റ് എം ഡി ഗോപിനാഥ്, സംസ്ഥാന ജനറൽ സെക്രട്ടറി ഒ. പ്രജിത്ത് കുമാർ, സംസ്ഥാന സെക്രട്ടറി എച്ച് വിനോദ് കുമാർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഐ ഡി ബി ഐ ബാങ്കിനെ പൊതുമേഖലയിൽ നിലനിർത്തുക, ബാങ്ക് ഓഫ് മഹാരാഷ്ട്ര, ഇന്ത്യൻ ഓവർസീസ് ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, പഞ്ചാബ് ആൻഡ് സിന്ധു ബാങ്ക്, യൂക്കോ ബാങ്ക് എന്നീ പൊതുമേഖല ബാങ്കുകളിലെ സർക്കാർ ഓഹരികൾ പൊതു വിപണിയിൽ വിൽക്കാനുള്ള നീക്കം ഉപേക്ഷിക്കുക, 2023ൽ ഇന്ത്യൻ ബാങ്ക് അസോസിയേഷനുമായി സംഘടനകൾ ഒപ്പു വെച്ച പഞ്ചദിനവാരം ബാങ്കുകളിൽ നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകുക, 31 വർഷം മുൻപ് നടപ്പാക്കിയ പെൻഷൻ കരാർ കാലോചിതമായി പരിഷ്കരിച്ച് റിസർവ് ബാങ്ക് മാതൃകയിൽ നടപ്പിലാക്കുക, പുറം കരാർ നിയമനം ഉപേക്ഷിച്ച് ബാങ്കുകളിൽ ഒഴിവുള്ള എല്ലാ തസ്തികകളിലും സ്ഥിരം നിയമനം നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് പണിമുടക്കെന്നും ഇവർ പറഞ്ഞു.

## എയർക്രാഫ്റ്റ് ഫിനാൻസിങിന് തുടക്കമിട്ട് ആക്സിസ് ബാങ്ക്

**കൊച്ചി:** ഗിഫ്റ്റ് സിറ്റി ഐ എഫ് എസ് സിയിലുള്ള ഇൻറർനാഷണൽ ബാങ്കിങ് യൂണിറ്റ് വഴി ആക്സിസ് ബാങ്ക് എയർക്രാഫ്റ്റ് ഫിനാൻസിങ് സേവനത്തിനു തുടക്കം കുറിച്ചു. ഇതിലൂടെ ഈ സംവിധാനം ലഭ്യമാക്കുന്ന ആദ്യ ഇന്ത്യൻ ബാങ്കായി ആക്സിസ് ബാങ്ക് മാറിയിരിക്കുകയാണെന്ന് ആക്സിസ് ബാങ്ക് ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ രാജീവ് ആനന്ദ് പറഞ്ഞു.എയർ ഇന്ത്യയുടെ സമ്പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറി ആയ എഐ ഫ്ളീറ്റ് സർവ്വീസസിനു വേണ്ടിയാണ് ഈ ഇടപാടിനു തുടക്കം കുറിച്ചത്.ബഹുരാഷ്ട്ര ബാങ്കുകൾക്കു മേധാവിത്തമുള്ള വ്യോമയാന വായ്പാ മേഖലയിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് ഈ നീക്കം. 34 പരിശീലന വിമാനങ്ങൾ വാങ്ങാനായാണ് ഈ ദീർഘകാല വായ്പ നൽകുന്നത്.



# കെപിഐടി സ്പാർക്കിൾ 2025ൽ നെക്സ്റ്റ് ജെൻ മൊബിലിറ്റി സൊല്യൂഷൻസിന് പ്രാധാന്യം

**കൊച്ചി:** ശുദ്ധവും സ്മാർട്ടും സുരക്ഷിതവുമായ ലോകത്തിനായി മൊബിലിറ്റി സൊല്യൂഷനുകൾ നിർമ്മിക്കുന്നതിലെ ആഗോള മുൻനിരക്കാരായ കെപിഐടി ടെക്നോളജീസ് ബിരുദ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഇന്നൊവേഷൻ മത്സരമായ കെപിഐടി സ്പാർക്കിൾ 2025ൻറെ വിജയികളെ പ്രഖ്യാപിച്ചു. ഈ വർഷത്തെ മൽസരത്തിൽ 731 കോളേജുകളിൽ നിന്നായി 28000 വിദ്യാർത്ഥികൾ പങ്കെടുത്തു. 1300ൽ ഏറെ ആശയങ്ങളാണ് വിദ്യാർത്ഥികൾ അവതരിപ്പിച്ചത്.

പുതുമകൾ കണ്ടെത്തുന്ന യുവാക്കൾക്ക് അവരുടെ ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള സവിശേഷമായ അവസരമാണ് കെപിഐടി സ്പാർക്കിൾ ലഭ്യമാക്കുന്നത്. സുസ്ഥിരത, വൈദ്യുതവൽക്കരണം, ഓട്ടോണമസ് സാങ്കേതികവിദ്യ, സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിലെ യഥാർത്ഥ വെല്ലുവിളികളെ മറികടക്കാനാകുന്ന ആശയങ്ങളാണ് കെപിഐടി സ്പാർക്കിൾ 2025ൽ അവതരിപ്പിച്ചത്. നിർമിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ഓട്ടോണമസ് വാഹനങ്ങൾ, അടുത്ത തലമുറ ഊർജ്ജ ശേഖരണ സംവിധാനങ്ങൾ തുടങ്ങിയവ മുതൽ സുസ്ഥിര എമിഷൻ നിയന്ത്രണ സംവിധാനങ്ങളും സൈബർ സുരക്ഷാ നവീകരണങ്ങളും വരെയുള്ള നിരവധി പദ്ധതികളാണ് ഇവർ അവതരിപ്പിച്ചത്.

ഗുഡ്ഗാവ് ജിഡി ഗോയങ്ക യൂണിവേഴ്സിറ്റിയിലെ ആർവൈഎം ജെനർജി 700,000 രൂപ പ്രൈസ് മണിയുള്ള ഗോൾഡ് അവാർഡ് നേടി ഒന്നാമതെത്തി. വൈദ്യുത വാഹനങ്ങളുടേയും വൈദ്യുത ബാക്ക് അപ് സംവിധാനങ്ങളുടേയും ആധുനിക എനർജി സ്റ്റോറേജ് സംവിധാനങ്ങൾക്കായുള്ള ഉൾട്രോൺ പ്രൊജക്റ്റിനാണ് അവാർഡ് ലഭിച്ചത്.

സാധ്യതകളുടെ അതിരുകൾ വിപുലീകരിക്കുവാൻ യുവ മനസുകളെ പ്രോൽസാഹിപ്പിക്കുന്നതാണ് എന്നും തങ്ങളുടെ നയമെന്ന് കെപിഐടി ടെക്നോളജീസ് ചെയർമാൻ രവി പണ്ഡിറ്റ് പറഞ്ഞു. കഴിഞ്ഞ 11 വർഷങ്ങളായി കെപിഐടി സ്പാർക്കിൾ 1,20,000ത്തിൽ ഏറെ വിദ്യാർത്ഥികളുടെ പങ്കാളിത്തമാണ് നേടിയത്. ഗതാഗത മേഖലയ്ക്കായി കൂടുതൽ കൃത്യതയുള്ള സ്മാർട്ട് ആയ സുരക്ഷിത സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കാൻ യുവ മനസുകൾക്കുള്ള ശക്തിയെ കുറിച്ചു തങ്ങൾക്കുള്ള വിശ്വാസം ശരിവെക്കുന്നതാണിത്. നിർമിത ബുദ്ധി അധിഷ്ഠിത വാഹനങ്ങൾ മുതൽ പുതു തലമുറ ഊർജ്ജ ശേഖരണ സംവിധാനങ്ങൾ വരെയുള്ള ഈ വർഷം അവതരിപ്പിച്ച ആശയങ്ങൾ ഗതാഗത, ഊർജ്ജ മേഖലകളിൽ കൈവരിച്ചു വരുന്ന വൻ മാറ്റങ്ങളെകുറിച്ചു വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

